# യുവജനലോകം

ആഗസ്റ്റ് 2026



എല്ലാ പ്രയാസകരമായ സമയങ്ങളിലും കൂടെയുള്ള യേശു

# നല്ല സ്നേഹിതൻ

# യുവജനലോകം
## മാസിക

യൗവനക്കാരെ!

നിങ്ങളുടെ ആത്മീയ ജീവിതത്തിൽ പുതിയ ഉണർവും മാറ്റവും സൃഷ്ടിക്കുന്ന ഈ മാസിക എല്ലാ മാസവും പൂർണ്ണമായി വായിക്കുക. നിങ്ങളുടെ സ്നേഹിതരെയും വായിക്കാൻ പ്രേരിപ്പിക്കുവിൻ. ഇത് നിങ്ങളുടെ ആത്മീക ജീവിതത്തിന് മുതൽക്കൂട്ടായിരിക്കും. നിങ്ങൾ ഓരോരുത്തരും ഉണർവിന്റെ വക്താക്കളായി കർത്താവ് ഉപയോഗിക്കും




100 രൂപ വാർഷിക വരിസംഖ്യ

1000 രൂപ ആജീവനാന്ത വരിസംഖ്യ

ഈ മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കുവിൻ. അത് ഞങ്ങൾക്കും പ്രയോജനകരമാണ്.

Scan ME

## ഉള്ളിൽ!

8  നല്ല സ്നേഹിതർ

14  മലനിരകൾ കടന്നുവന്ന സുവിശേഷം

20  സൈബർ സെക്യൂരിറ്റിയിലേക്കുള്ള യാത്ര

JESUS REDEEMS MINISTRIES

*Jesus Redeems,* Nalumavadi, Tuticorin - 628211.
Phone: 04639-353333 | Cell:9750955547 E-mail: youth@jesusredeems.org
www.jesusredeems.com | youth.jesusredeems.com



# ആമുഖം

പ്രിയപ്പെട്ട യൗവനക്കാരെ! യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ.

ഈ ഉണർവിന്റെ നാളുകളിൽ യൗവനക്കാരായ നിങ്ങളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. നിങ്ങൾ ഒരു സൈന്യമായി എഴുന്നേൽക്കുമ്പോൾ, ദേശത്ത് പ്രവർത്തിക്കുന്ന ശത്രുവിന്റെ ശക്തി തകർക്കപ്പെടും. ചെറിയ ഗ്രൂപ്പുകളായി ഒത്തുചേർന്ന് പ്രാർത്ഥിക്കാനും, സുവിശേഷം അറിയിക്കാനും, ബന്ധിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളെ വിടുവിക്കാനും, തളർന്നുപോയ യൗവനക്കാരെ ദൈവവചനത്തിലൂടെ ജീവിപ്പിക്കാനും കർത്താവ് നിങ്ങളെ വിളിക്കുന്നു.

ഗ്രൂപ്പായി പ്രവർത്തിക്കാൻ സാധിച്ചില്ലെങ്കിലും, രണ്ട് സ്നേഹിതർ ഒത്തുചേർന്ന് ദൈവവേല ചെയ്യാം. ഒരുവൻ ആയിരം പേരെയും ഇരുവർ പതിനായിരം പേരെയും ഓടിക്കുമെന്ന് വേദപുസ്തകം പറയുന്നു.

യൗവനക്കാരേ, നിങ്ങൾ സ്നേഹിതരോടൊപ്പം ചേർന്ന് കർത്താവിനുവേണ്ടി എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?

**അപ്പൊസ്തലന്മാരുടെ കാലത്ത് പൗലൊസും ശീലാസും ഒത്തുചേർന്ന് കർത്താവിന്റെ ശുശ്രൂഷ ശക്തമായി നിറവേറ്റി. അതിന് കാരണം അവരിൽ കാണപ്പെട്ട മൂന്ന് പ്രധാന ഗുണങ്ങളാണ്.**

## അചഞ്ചലമായ മനക്കരുത്ത്

അപ്പൊസ്തലപ്രവർത്തികൾ 16-ാം അധ്യായത്തിൽ, ഫിലിപ്പിയ പട്ടണത്തിൽ ശുശ്രൂഷ ചെയ്യുമ്പോൾ അവർ അടിയേൽക്കുകയും കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും, കാലുകൾ ആമത്തിൽ ഇട്ടു പൂട്ടപ്പെടുകയും ചെയ്തു. എന്നിട്ടും, അർദ്ധരാത്രിയിൽ അവർ ഒരുമിച്ച് ദൈവത്തെ സ്തുതിച്ചു. ആ സാഹചര്യത്തിലും അവർ അചഞ്ചലമായ വിശ്വാസവും ദൈവത്തോടുള്ള സ്നേഹവും വെളിപ്പെടുത്തി.

## ഏകമനസ്സ്

വേദനയും അപമാനവും നിറഞ്ഞ സാഹചര്യത്തിലും അവർ പരസ്പരം കുറ്റപ്പെടുത്തിയില്ല. പകരം, ശുശ്രൂഷാ പാതയിൽ വന്ന പ്രതിസന്ധികളെ ഒരുമിച്ച് നേരിടുകയും, ഏകമനസ്സോടെ അതിനെ ജയിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

## ആത്മാക്കളെക്കുറിച്ചുള്ള ഭാരം

'കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ; അങ്ങയുടെ സ്നേഹം ഇനിയും ഞങ്ങൾക്ക് അനേകരിലേക്ക് എത്തിക്കണം' എന്ന അവരുടെ ആത്മാർത്ഥമായ പ്രാർത്ഥന തടവറയിലും സ്തുതിക്കാൻ അവരെ പ്രേരിപ്പിച്ചു. അതിന്റെ ഫലമായി കാരാഗൃഹപ്രമാണിയും, കുടുംബവും രക്ഷിക്കപ്പെടുകയും സ്നാനം സ്വീകരിക്കുകയും ചെയ്തു. ഈ രണ്ട് സ്നേഹിതരുടെ ദൈവഭക്തി നിറഞ്ഞ സൗഹൃദമാണ് അവരുടെ രക്ഷയ്ക്ക് കാരണമായത്.

ഇന്ന് നിങ്ങളുടെ സൗഹൃദവലയം എങ്ങനെയുള്ളതാണ്?
നിങ്ങളുടെ സൗഹൃദം നിങ്ങൾക്ക് മാത്രം സന്തോഷം നൽകുന്നതാണോ?
അതോ, നിങ്ങളുടെ സൗഹൃദത്തിലൂടെ ദൈവരാജ്യം പണിയപ്പെടുന്നുണ്ടോ?

നിങ്ങൾക്കും പൗലൊസിനെപ്പോലെയും ശീലാസിനെപ്പോലെയും കർത്താവിനുവേണ്ടി എഴുന്നേറ്റ് പ്രവർത്തിക്കാമല്ലോ!



ക്രിസ്തുവിന്റെ വേലയിൽ
**മോഹൻ സി. ലാസറസ്**



# ദേശത്തിന് ക്ഷേമം നൽകും!!

ഞാൻ ഇന്ത്യയിൽ ജനിച്ചതിനായി ദൈവത്തെ സ്തുതിക്കുന്നു! ഒരു ഇന്ത്യക്കാരൻ ആയിരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു! ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവ്, എന്നെ ഇന്ത്യയിൽ ജനിക്കാൻ ഇടയാക്കിയതിനാൽ ഞാൻ കർത്താവിനെ സ്തുതിക്കുന്നു.

ലോകം മുഴുവൻ സൃഷ്ടിച്ച് സ്നേഹിക്കുന്ന ദൈവം, ഇന്ത്യയുടെ മേലും ഒരു പ്രത്യേക സ്നേഹം വച്ചിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് ലോകം മുഴുവൻ ഉറ്റുനോക്കുന്ന അമേരിക്ക പോലെയുള്ള രാജ്യങ്ങളുടെ പേരുകൾ പോലും വേദപുസ്തകത്തിൽ ഇല്ല. എന്നാൽ ഇന്ത്യ എന്ന നമ്മുടെ രാജ്യത്തിന്റെ പേര് വേദപുസ്തത്തിൽ ഇടംപിടിച്ചിരിക്കുന്നത് കാണുമ്പോൾ എനിക്ക് വലിയ സന്തോഷവും അഭിമാനവും തോന്നുന്നു (എസ്ഥേർ 1:1,8:9).

“ഇന്ത്യ ലോകവേദിയിൽ ഉയർന്ന സ്ഥാനത്ത് ഇരിക്കും! എല്ലാവിധത്തിലും അനുഗ്രഹിക്കപ്പെടും! കർത്താവിനെക്കുറിച്ചുള്ള അറിവിനാൽ ഇന്ത്യ നിറഞ്ഞിരിക്കും!" എന്നത് നമ്മുടെ രാജ്യത്തെക്കുറിച്ചുള്ള പ്രവചന വാഗ്ദത്തമാണ്. വർഷങ്ങൾക്ക് മുമ്പ് തന്നെ കർത്താവ് ഇത് വെളിപ്പെടുത്തിയതുകൊണ്ട്, ഇതിനായി നാം തുടർന്നും പ്രാർത്ഥിച്ചുവരുന്നു. ഈ വാഗ്ദത്തം നമ്മുടെ രാജ്യത്ത് നിറവേറേണ്ടതിന്, ദൈവമക്കളായ നാം ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

## ★ ദേശത്തെ സ്നേഹിക്കുവിൻ! ★

കർത്താവായ യേശുക്രിസ്തു നമ്മുടെ ഇന്ത്യയെ സ്നേഹിക്കുന്നതുപോലെ, നാമും നമ്മുടെ രാജ്യത്തെ സ്നേഹിക്കണം. കർത്താവ് ഈ രാജ്യത്തിന്മേൽ അഗാധമായ സ്നേഹം വച്ചിരിക്കുന്നു. കർത്താവ് പാപികളുടെ സ്നേഹിതനാണ്. യേശു ജനങ്ങളെ സ്നേഹിച്ചതുപോലെ നാമും ജനങ്ങളെ സ്നേഹിക്കണം.

നീനെവേ പട്ടണത്തിലെ ജനങ്ങൾ പാപം ചെയ്ത് ദൈവത്തെ ദുഃഖിപ്പിച്ചു. എങ്കിലും നീതിമാനായ ദൈവം അവരെ നശിപ്പിക്കാൻ ആഗ്രഹിച്ചില്ല. അവർ തങ്ങളുടെ പാപങ്ങൾ വിട്ട് മാനസാന്തരപ്പെടണം എന്ന് മാത്രമാണ് കർത്താവ് ആഗ്രഹിച്ചത്. അതുകൊണ്ടാണ്, "വലംകൈയും ഇടംകൈയും തമ്മിൽ തിരിച്ചറിഞ്ഞുകൂടാത്ത ഒരു ലക്ഷത്തിരു പതിനായിരത്തിൽ ചില്വാനം



മനുഷ്യരും അനേകം മൃഗങ്ങളുമുള്ള മഹാനഗരമായ നീനെവേയോട് എനിക്ക് അയ്യോഭാവം തോന്നരുതോ?" എന്ന് കർത്താവ് ചോദിച്ചത് (യോനാ4:11). പാപത്തിൽ ജീവിക്കുന്ന ജനങ്ങളോട് കർത്താവിന്റെ ഹൃദയം അലിഞ്ഞതുപോലെ, നമ്മുടെ ഹൃദയത്തിലും ജനങ്ങളെക്കുറിച്ചുള്ള ഭാരം ഉണ്ടാകണം. തമിഴ്നാട്ടിലുള്ള 8 കോടി ജനങ്ങളെക്കുറിച്ചും, ഇന്ത്യയിൽ ജീവിക്കുന്ന 146 കോടി ജനങ്ങളെക്കുറിച്ചും നാം ഭാരപ്പെടണം.

## ★ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ! ★

നാം രാജ്യത്തെ സ്നേഹിക്കുന്നത് സത്യമാണെങ്കിൽ, രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കണം. "ഞാൻ രാജ്യത്തെ സ്നേഹിക്കുന്നു" എന്ന് പറഞ്ഞാൽ മാത്രം പോരാ, രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവരാണ് യഥാർത്ഥമായി രാജ്യത്തെ സ്നേഹിക്കുന്നത്.

"സകല മനുഷ്യർക്കും നാം സർവഭക്തിയോടും ഘനത്തോടുംകൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം." എന്ന് വേദപുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു (1 തിമൊഥെയൊസ് 2:1-4).

ഇന്ത്യയിലുള്ള എല്ലാ സംസ്ഥാനങ്ങളിലെ ജനങ്ങൾക്കായും, ദേശത്തിന്റെ നേതാക്കൾക്കായും, അധികാരത്തിലിരിക്കുന്നവർക്കായും, നാം ഭാരത്തോടെ പ്രാർത്ഥിക്കണം. നാം ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ കർത്താവ് നമ്മുടെ രാജ്യത്തെ അനുഗ്രഹിക്കും.

## ★ രാജ്യത്തിനായുള്ള കടമകൾ ചെയ്യുവിൻ! ★

"എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ" (റോമർ 13:7). നാം നൽകുന്ന നികുതിപ്പണം കൊണ്ടാണ് ഗവൺമെന്റിന് ഒരു രാജ്യത്തിൽ ഭരണം നടത്താൻ കഴിയുന്നത്. അതുകൊണ്ട് ഗവൺമെന്റിലേക്ക് നൽകേണ്ട നികുതികൾ നാം കൃത്യമായി നൽകണം. ഗവൺമെന്റ് എന്നത് ദൈവത്താൽ സ്ഥാപിക്കപ്പെട്ട ഒരു സംവിധാനമാണ്. ദേശത്തെ ഭരിക്കുന്ന നേതാക്കളും ഭരണാധികാരികളും കർത്താവിന്റെ ശുശ്രൂഷകരാണെന്ന് വേദപുസ്തകം പറയുന്നു (റോമർ 13:4,6). വീട്ടുനികുതി, വസ്തുനികുതി, വരുമാനനികുതി എന്നിവ നാം കൃത്യമായി നൽകണം. ഒരു നല്ല ക്രൈസ്തവനായി മാത്രമല്ല, ഒരു നല്ല പൗരനായും ജീവിക്കണം. നമ്മുടെ കടമകൾ നാം വിശ്വസ്തതയോടെ ചെയ്യുമ്പോൾ കർത്താവ് നമ്മെ അനുഗ്രഹിക്കും.

## ★ രാജ്യത്തിൽ സുവിശേഷം അറിയിക്കുവിൻ! ★


ഇന്ത്യയിൽ ക്രിസ്തുവിനെ അറിയിക്കുന്നത് മതം മാറ്റുക എന്നതല്ല. യേശു ഒരിക്കലും, മതം പ്രചരിപ്പിക്കൂ എന്ന് പറഞ്ഞിട്ടില്ല. എന്നാൽ, "സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15) എന്ന് കൽപ്പിച്ചിരിക്കുന്നു. ഒരു മനുഷ്യൻ യേശുവിനെ തന്റെ ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ അവന്റെ ജീവിതം മാറുന്നു, ഒരു കുടുംബം യേശുവിനെ സ്വീകരിക്കുമ്പോൾ ആ കുടുംബം മാറുന്നു. ഒരു സമൂഹം യേശുവിനെ സ്വീകരിക്കുമ്പോൾ ആ സമൂഹം മാറുന്നു. പാപങ്ങൾ മാറുന്നു, ശാപങ്ങൾ നീങ്ങുന്നു, അനുഗ്രഹങ്ങൾ ഉണ്ടാകുന്നു.

ഇങ്ങനെയുള്ള മാറ്റം ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ, രാജ്യത്തിലും മാറ്റം വരും. അതുകൊണ്ട് ഈ യേശുക്രിസ്തുവിനെ അറിയിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

**പ്രിയപ്പെട്ട യൗവനക്കാരെ,
നമുക്ക് നമ്മുടെ ഇന്ത്യയെ സ്നേഹിക്കാം!
നമ്മുടെ ഇന്ത്യയ്ക്കുവേണ്ടി പ്രാർത്ഥിക്കാം!
നമ്മുടെ ഇന്ത്യൻ ദേശത്തോടുള്ള ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിറവേറ്റാം!
നമ്മുടെ ഇന്ത്യയിൽ സുവിശേഷം അറിയിക്കാം!
അപ്പോൾ കർത്താവ് നമ്മുടെ ദേശത്തിന് ക്ഷേമവും സമാധാനവും നൽകും. നമ്മുടെ രാജ്യത്തെക്കുറിച്ചുള്ള കർത്താവിന്റെ പ്രവചന വാഗ്ദത്തങ്ങൾ തീർച്ചയായും നിറവേറും!**



# മാതാപിതാക്കളുടെ സമ്മർദ്ദം!




സഹോദരാ, ഞാൻ കുട്ടിക്കാലം മുതൽ ആരോടും അധികം സംസാരിക്കാത്ത വ്യക്തിയായിരുന്നു. എന്നാൽ കോളേജിൽ വന്നതിനുശേഷം എനിക്ക് ധാരാളം കൂട്ടുകാരെ ലഭിച്ചു. അവരോട് ഞാൻ സാധാരണ രീതിയിൽ സംസാരിക്കാറുണ്ട്. എന്റെ **MBBS** പഠനത്തിന്റെ ആദ്യ രണ്ട് വർഷങ്ങളിലും എന്റെ മുഴുവൻ ശ്രദ്ധയും പഠനത്തിൽ മാത്രമായിരുന്നു. അതുകൊണ്ട് സുഹൃത്തുക്കളോടൊപ്പം അധികം സമയം ചെലവഴിക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഞാൻ **3rd Year**ൽ എത്തിയതുകൊണ്ട് കുറിച്ച് **Free time** ലഭിക്കുന്നു. അതിനാൽ ഞാൻ സുഹൃത്തുക്കളോട് സംസാരിക്കുന്നു. അധിക സമയത്തും ഞങ്ങളുടെ സംഭാഷണങ്ങൾ പഠനത്തെക്കുറിച്ച് മാത്രമായിരിക്കും. എന്നാൽ സുഹൃത്തുക്കളിൽ നിന്നും കൂട്ടുകാരികളിൽ നിന്നും ഫോൺ കോളുകൾ വരുന്നത് കൊണ്ട് എന്റെ മാതാപിതാക്കൾ എന്നെ വളരെയധികം സംശയിക്കുന്നു.

"**3rd Year** എത്തിയ ഉടനെ നിന്റെ **Focus** മാറിപ്പോയി, **Time Waste** ചെയ്യാൻ തുടങ്ങിയിരിക്കുന്നു, എപ്പോഴും **Chatting, Social Media...** ഇങ്ങനെ പോയാൽ ജീവിതത്തിൽ വിജയിക്കാൻ കഴിയില്ല, ശോഭിക്കാൻ കഴിയില്ല" എന്നിങ്ങനെ എന്റെ മനസ്സിന് വളരെയധികം വിഷമം ഉണ്ടാക്കുന്ന രീതിയിൽ അവർ സംസാരിക്കുന്നു. ഇതുമൂലം എന്റെ **Confidence** വളരെ കുറഞ്ഞുപോയിരിക്കുന്നു. ഞാൻ ആരോടും തെറ്റായ രീതിയിൽ സംസാരിക്കുന്നില്ല. എല്ലാവരെയും നല്ല സ്നേഹിതരായിട്ടാണ് കാണുന്നത്. എന്നാൽ എന്റെ മാതാപിതാക്കൾ എന്നെ വിശ്വസിക്കുന്നില്ല. അത് എനിക്ക് വലിയ വേദന ഉണ്ടാക്കുന്നു. പെൺകുട്ടികളോട് സംസാരിക്കുന്നത് തെറ്റാണോ? സംസാരിച്ചാൽ അത് പ്രണയമായി മാറുമോ? ഞാൻ ഇപ്പോഴും എന്റെ പഠനത്തിൽ തന്നെയാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. എന്റെ മാതാപിതാക്കളുടെ ചിന്താഗതി തെറ്റായ രീതിയിൽ ആയതുകൊണ്ട് ഞാൻ ഇനി എന്താണ് ചെയ്യേണ്ടത്? ഈ 21-ാം നൂറ്റാണ്ടിലും ചില മാതാപിതാക്കൾ എന്തുകൊണ്ടാണ് ഇത്രയും **Conservative** ആയി ജീവിക്കുന്നത് ഞാൻ ശരിക്കും **I'm really down... Not able to move on. Kindly help me!**

- രൂബൻ, ചെന്നൈ.

## Dear Ruban, Just Relax!

നിങ്ങളുടെ മാതാപിതാക്കൾ പറഞ്ഞ വാക്കുകൾ നിങ്ങളുടെ ആത്മവിശ്വാസത്തെ കുറച്ചിട്ടുണ്ടാകാം. നിങ്ങളുടെ പഠനത്തിന്റെ വേഗതയെ ബാധിച്ചിരിക്കാം. എന്നാൽ **Don't worry, I can understand your pain.** നിങ്ങൾ **ambitious** ആയ ഒരു യുവാവാണ്. ഇത്ര പെട്ടെന്ന് മനസ്സ് തകർന്നു പോകരുത്. **You can achieve your dream.**

രൂബൻ, "എന്റെ മാതാപിതാക്കൾ ഒരു ഫോൺ കോളിന്റെ പേരിൽ എന്നെ തെറ്റായി **Judge** ചെയ്തല്ലോ" എന്നോർത്ത് വിഷമിച്ചിരിക്കാതെ, അവരുടെ ആ തെറ്റിദ്ധാരണ എങ്ങനെ തിരുത്താം എന്ന് ചിന്തിക്കുവിൻ.

നിങ്ങളുടെ മാതാപിതാക്കൾ വളർന്നുവന്ന കാലഘട്ടവും, നിങ്ങൾ ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന കാലഘട്ടവും തികച്ചും വ്യത്യസ്തമാണ്. ആ പഴയ തലമുറയ്ക്ക്, നിങ്ങളെപ്പോലെയുള്ള **Gen Z** യൗവനക്കാരുടെ ലോകം മനസ്സിലാക്കുന്നത് ചില സമയങ്ങളിൽ അല്പം ബുദ്ധിമുട്ടായിരിക്കാം. അവർക്ക് പല കാര്യങ്ങളിലും ആശങ്കകൾ ഉള്ളതുകൊണ്ട് ചില സമയങ്ങളിൽ സമ്മർദ്ദം ചെലുത്താറുണ്ടാകാം.

എന്നാൽ അവരുടെ ഭയവും സ്നേഹവും ശരിയായ രീതിയിൽ വെളിപ്പെടുത്താൻ അറിയാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

അവരുടെ കഠിനമായ വാക്കുകൾക്ക് പിന്നിൽ ഒരൊറ്റ കാര്യം മാത്രമേയുള്ളൂ. അത് നിങ്ങളോടുള്ള അളവില്ലാത്ത സ്നേഹം മാത്രമാണ്.

അത് നിങ്ങളെ ഒരിക്കലും തളർത്താൻ പാടില്ല. എന്റെ മകൻ ഈ ലോകത്തിൽ ഒന്നിനും കൊള്ളാത്തവനായി പോകരുത്, അവൻ ജീവിതത്തിൽ വലിയ നേട്ടങ്ങൾ കൈവരിക്കണം എന്ന മാതാപിതാക്കളുടെ ആശങ്കയാണ് പലപ്പോഴും ദേഷ്യമായി പുറത്തുവരുന്നത്. പ്രഷർകുക്കറിൽ മർദ്ദം കൂടുമ്പോൾ വിസിൽ അടിക്കുന്നതുപോലെ മാതാപിതാക്കളും വൈകാരികമായി സംസാരിച്ചേക്കാം. എന്നാൽ, ശരിയായ സമയത്ത് നമ്മൾ ശാന്തമായി മറുപടി നൽകിയാൽ ആ ദേഷ്യം തനിയേ മാറിക്കൊള്ളും.

## രൂബൻ, ചില ആലോചനകൾ

▶ ആദ്യത്തെ രണ്ട് വർഷങ്ങളിൽ ഫോൺ അധികമായി ഉപയോഗിക്കാതിരുന്ന നിങ്ങൾ, ഇപ്പോൾ പെട്ടെന്ന് എപ്പോഴും ഫോണിൽ തന്നെ ഇരിക്കുന്നത് അവർക്ക് സംശയമുണ്ടാക്കാൻ കാരണമായിരിക്കാം.

▶ ഒരു ദിവസം ഫോൺ അവരുടെ കൈകളിൽ കൊടുത്തിട്ട്, അച്ഛാ... ഞാൻ തീർച്ചയായും Dr. Ruban ആയി നിങ്ങളുടെ തലയുയർത്തും. എന്നിൽ നിങ്ങൾക്ക് പൂർണ്ണമായ വിശ്വാസം വന്നതിനുശേഷം ഈ ഫോൺ എനിക്ക് തിരിച്ചു തന്നാൽ മതി എന്ന് പറഞ്ഞുനോക്കൂ. ഈ ഒരൊറ്റ വാക്ക് അവരുടെ മനസ്സിനെ മാറ്റാൻ സഹായിക്കും.

▶ ഇന്ത്യൻ മാതാപിതാക്കളെപ്പോലെ മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളെ കണ്ടെത്തുക വളരെ ബുദ്ധിമുട്ടാണ്. അവരുടെ ത്യാഗത്തിനും സ്നേഹത്തിനും അതിരുകളില്ല.

▶ എന്റെ മകൻ ഉയർന്ന നിലയിൽ എത്തണം. അവൻ തോറ്റുപോയി ജീവിതം നശിപ്പിച്ച് കളയരുത് എന്നു മാത്രമാണ് അവർ ആഗ്രഹിക്കുന്നത്.

▶ ചില മാതാപിതാക്കൾക്ക് സ്നേഹം വളരെ ശാന്തമായി പ്രകടിപ്പിക്കാൻ കഴിയും.എന്നാൽ ചിലർക്ക് ദേഷ്യത്തിലൂടെ മാത്രമേ അത് പ്രകടിപ്പിക്കാൻ കഴിയൂ. അതുകൊണ്ടാണ് കുടുംബങ്ങളിൽ അനാവശ്യമായ അകൽച്ചയും അസ്സമാധാനവും ഉണ്ടാകുന്നത്.



## മറ്റൊരു പ്രധാന വിഷയം...

നിങ്ങൾ രണ്ട് വർഷം ശ്രദ്ധയോടെ പഠിച്ചതുകൊണ്ടാണ് ഇന്ന് വിജയകരമായി മൂന്നാം വർഷത്തിൽ എത്തി നിൽക്കുന്നത്. ഇപ്പോൾ അക്കാദമിക് സമ്മർദ്ദം കുറച്ചുകൂടി കുറവായിരിക്കാം. അതികൊണ്ട് **You can't spend your time just like that without any boundaries.**

പെൺകുട്ടികളോട് സംസാരിക്കുന്നത് തെറ്റാണോ അല്ലയോ എന്ന് ചോദിച്ചല്ലോ...

ഒരു പെൺകുട്ടിയോട് സംസാരിക്കുന്നതും നല്ലൊരു സൗഹൃദം സൂക്ഷിക്കുന്നതും തെറ്റല്ല. എന്നാൽ ഒരു യാഥാർത്ഥ്യം മറക്കരുത്.

സൗഹൃദത്തിനും പ്രണയത്തിനും ഇടയിൽ വളരെ നേരിയ ഒരു രേഖയുണ്ട്.

പലരും അറിയാതെ തന്നെ ആ അതിർവരമ്പ് ലംഘിക്കാറുണ്ട്. അതുകൊണ്ട് സുഹൃത്തുക്കളോട് സംസാരിക്കുമ്പോഴും ചാറ്റ് ചെയ്യുമ്പോഴും എപ്പോഴും ആരോഗ്യകരമായ അതിർവരമ്പുകൾ സൂക്ഷിക്കുക. നിങ്ങളുടെ പെരുമാറ്റവും, സമയക്രമീകരണവും, മുൻഗണനകളും, മാതാപിതാക്കൾക്ക് നിങ്ങളിൽ പൂർണ്ണ വിശ്വാസം ഉണ്ടാക്കുന്ന രീതിയിലായിരിക്കണം.

### അവസാനമായി ....

**രൂബൻ മാതാപിതാക്കളെ മാറ്റുക എന്നത് നമ്മുടെ കൈകളിലുള്ള കാര്യമല്ല. എന്നാൽ, നമ്മുടെ സമീപനരീതി മാറ്റാൻ നമുക്ക് കഴിയും. പലപ്പോഴും അത് കുടുംബബന്ധങ്ങളെ കൂടുതൽ മനോഹരമാക്കി മാറ്റും.**

**നിങ്ങളുടെ ലക്ഷ്യമായ ഡോക്ടർ എന്ന സ്വപ്നം നേടിയെടുക്കാൻ കർത്താവ് തീർച്ചയായും സഹായിക്കും. നിങ്ങളുടെ വിശുദ്ധി കാത്തുസൂക്ഷിക്കുക. ജ്ഞാനവും ശക്തിയും നൽകിയ കർത്താവ് നിങ്ങളുടെ പഠനത്തിൽ വലിയ വിജയം നൽകും.**

Stay focused. Stay humble.
Stay prayerful.

All the very best, Dr. Ruban!



# നല്ല സ്നേഹിതർ

ലോകത്തിലുള്ള എല്ലാ ബന്ധങ്ങളും ജനനം കൊണ്ടോ അല്ലെങ്കിൽ സാഹചര്യങ്ങളിലൂടെയോ നമുക്ക് ലഭിക്കുന്നതാണ്. എന്നാൽ, നാമായി തന്നെ അന്വേഷിച്ച് തിരഞ്ഞെടുക്കുന്ന ഒരേയൊരു ഉന്നതമായ ബന്ധം സൗഹൃദം മാത്രമാണ്. എങ്കിലും, ഒരു നല്ല സുഹൃത്ത് എന്ന് നാം കരുതുന്നവർ പലപ്പോഴും നമ്മെ വഞ്ചിക്കുകയോ അല്ലെങ്കിൽ സാഹചര്യങ്ങൾ കാരണം നമ്മെ വിട്ടുപിരിയുകയോ ചെയ്തേക്കാം. എന്നാൽ, ഏത് സാഹചര്യത്തിലും നമ്മെ വിട്ടുപോകാത്ത, എന്നെന്നും മാറാത്ത നല്ലൊരു സ്നേഹിതൻ യേശു മാത്രമാണ്.

ഒരു വ്യക്തിയെ നല്ലവനാക്കുന്നതിലും മോശമാക്കുന്നതിലും സുഹൃത്തുക്കളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഒരു നല്ല കുടുംബത്തിൽ ജനിച്ച ഒരാൾ തെറ്റായ സുഹൃത്തുക്കളുമായി കൂട്ടുകൂടുമ്പോൾ, അവന്റെ ജീവിതം തകരുന്ന സാഹചര്യം ഉണ്ടാകുന്നു. അതുപോലെ, വളരെ മോശമായ സാഹചര്യങ്ങളിൽ ജനിച്ചതാണെങ്കിൽ പോലും, നല്ല സുഹൃത്തുക്കൾ ഉണ്ടെങ്കിൽ അവന്റെ ജീവിതം സമൃദ്ധമായി മാറും.

തന്റെ വേലക്കാരെയും മക്കളെപ്പോലെ കരുതുന്ന അത്രയും സ്നേഹവും സന്മാർഗ്ഗവുമുള്ള ഒരു നല്ല പിതാവ് ഉണ്ടായിരുന്നിട്ടും, തെറ്റായ സുഹൃത്തുക്കളുടെ സ്വാധീനത്താൽ ഇളയ മകൻ തെറ്റായ വഴിയിലൂടെ സഞ്ചരിച്ച് ദുർമാർഗ്ഗിയായി ജീവിതം നശിപ്പിച്ച മകനായി മാറി. "വഞ്ചിക്കപ്പെടരുത്; ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു" (1 കൊരി. 15:33). അവന് നല്ലൊരു കുടുംബം ഉണ്ടായിരുന്നിട്ടും, തെറ്റായ സൗഹൃദം അവനെ പാപത്തിലേക്ക് തള്ളിയിട്ടു. അതുകൊണ്ട് നാം ആരോടാണ് സൗഹൃദം സ്ഥാപിക്കുന്നത്, ആരുടെ ഉപദേശങ്ങളാണ് കേൾക്കുന്നത് എന്നതിനെക്കുറിച്ച് വളരെ ശ്രദ്ധയുള്ളവരായിരിക്കണം. തെറ്റായ സൗഹൃദം നമ്മുടെ ജീവിതത്തെ തകർത്തു കളയും.

മോശെ ഇസ്രായേൽ ജനങ്ങളെ കനാൻ ദേശത്തേക്ക് കൂട്ടിക്കൊണ്ടുപോകുമ്പോൾ, ആ ദേശം രഹസ്യമായി നിരീക്ഷിക്കാൻ പന്ത്രണ്ട് പേരെ അയച്ചു. അവരിൽ യോശുവയും കാലേബും ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും പൂർണ്ണമനസ്സോടെ കർത്താവിൽ വിശ്വസിച്ചവരും, പരസ്പരം താങ്ങും തണലുമായി നിന്ന നല്ല സുഹൃത്തുക്കളും ആയിരുന്നു.



നല്ല സുഹൃത്തുക്കൾ നമ്മെ ദൈവഭക്തിയിൽ വളരാൻ സഹായിക്കുന്നവരാണ്. തെറ്റായ വഴിയിൽ പോകുവാൻ അനുവദിക്കാതെ, വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ അവർ സഹായിക്കുന്നു. അതുമാത്രമല്ല, എല്ലാ സാഹചര്യങ്ങളിലും അവർ നമ്മോടുകൂടെ ഉണ്ടായിരിക്കും.

യോശുവയ്ക്കും കാലേബിനും നിരവധി പ്രതികൂല സാഹചര്യങ്ങൾ വന്നിട്ടും, അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു. ഏത് സാഹചര്യത്തിലും കൈവിടാത്ത നല്ല സുഹൃത്തുക്കളായി അവർ ജീവിച്ചു. **"സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കുന്നു; അനർത്ഥകാലത്തു അവൻ സഹോദരനായിത്തീരുന്നു" (സദൃ.17:17)**

മോശെയ്ക്ക് ശേഷം ഇസ്രായേൽ ജനങ്ങളെ നയിക്കാൻ യോശുവ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു. കാലേബും അതേ യോഗ്യതയുള്ളവനായിരുന്നു. എങ്കിലും, അവൻ യോശുവയെ നോക്കി അസൂയപ്പെട്ടില്ല. യോശുവയുടെ നേതൃത്വത്തെ പൂർണ്ണമായി അംഗീകരിക്കുകയും,തുണയായി നിന്ന് അവനെ സഹായിക്കുകയും ചെയ്തു.

നിങ്ങളുടെ സ്നേഹിതർ നിങ്ങളെ പഠനത്തിലോ, ജോലിയിലോ അല്ലെങ്കിൽ ജീവിതത്തിലോ ഒരു മികച്ച നിലയിലേക്ക് നയിക്കുമ്പോഴാണ് ആ സൗഹൃദം യഥാർത്ഥ സൗഹൃദമായി മാറുന്നത്. അഹങ്കാരം ഇല്ലാത്ത ഇടത്താണ് നല്ല സൗഹൃദം നിലനിൽക്കുന്നത്. നിങ്ങൾ നിങ്ങളുടെ ലക്ഷ്യങ്ങളിലേക്ക് കുതിക്കുമ്പോൾ, "നിന്നെക്കൊണ്ട് സാധിക്കില്ല" എന്ന് പറഞ്ഞ് പരിഹസിക്കാതെ, "നിനക്ക് സാധിക്കും" എന്നു പറഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന കാലേബിനെപ്പോലുള്ള നല്ല സ്നേഹിതരെ തിരഞ്ഞെടുക്കുവിൻ.

യോശുവയും കാലേബും പരസ്പരം വിശ്വസ്തതയുള്ള നല്ല സുഹൃത്തുക്കളായി ജീവിച്ചു. യേശു നമ്മളോട് വളരെ അടുത്ത നല്ലൊരു സുഹൃത്താണ്. നമ്മുടെ അടുത്ത സുഹൃത്തുക്കൾ ചിലപ്പോൾ **busy** ആയിരിക്കാം. എന്നാൽ യേശു എപ്പോഴും, എല്ലാ സാഹചര്യങ്ങളിലും നമുക്ക് **available** ആയിരിക്കുന്ന നല്ലൊരു സ്നേഹിതനാണ്.



അതുകൊണ്ട് മാത്രമല്ല, നാം വഴിതെറ്റി പോകാതിരിക്കാൻ,നമ്മെ ശരിയായ പാതയിലൂടെ നയിക്കുന്ന നല്ലൊരു ഉപദേശകനുമാണ് യേശുക്രിസ്തു. "ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും ഞാൻ നിന്റെമേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറഞ്ഞുതരും" (സങ്കീ.32:8).

**പ്രിയപ്പെട്ട യൗവനക്കാരെ, ഒരു നല്ല സ്നേഹിതൻ നിങ്ങളുടെ സന്തോഷങ്ങളിൽ മാത്രം പങ്കുചേരുന്നവനല്ല; നിങ്ങൾ ഒരു പ്രതിസന്ധി നേരിടുമ്പോഴും, നിങ്ങൾക്കൊപ്പം നിന്ന് അതിനെ നേരിടാൻ സഹായിക്കുന്നവനാണ് നല്ല സ്നേഹിതൻ. അത് ചെയ്യാൻ കർത്താവിന് മാത്രമേ സാധിക്കൂ. മറ്റാർക്കും കഴിയില്ല. "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:20) എന്ന് കർത്താവ് വാഗ്ദത്തം നൽകിയിട്ടുണ്ട്.**

**അതുകൊണ്ട്, ജീവിതത്തിൽ നല്ല സ്നേഹിതരെ തിരഞ്ഞെടുക്കുവിൻ. എന്നാൽ എല്ലാറ്റിനും ഉപരിയായി, നിങ്ങളുടെ ഏറ്റവും നല്ല സ്നേഹിതനായ യേശുവിനോടുള്ള അടുത്ത ബന്ധം വളർത്തിയെടുക്കുവിൻ!**

# ദാവീദിന്റെ സ്നേഹിതർ ക്രിസ്തുവിന്റെ സ്നേഹിതർ: ഒരു താരതമ്യം

## മനോഭാരത്താൽ വിശ്വാസവഞ്ചകരായി മാറിയ വിശ്വസ്തരായ സ്നേഹിതർ


അഹീഥോഫെൽ

**അഹീഥോഫെൽ -** ദാവീദിന്റെ വളരെ അടുത്ത ബുദ്ധിമാനായ ഉപദേശകനായിരുന്നു. അവൻ ബത്ത്ശേബയുടെ ബന്ധു കൂടിയായിരുന്നു . അവന്റെ ഉപദേശങ്ങൾ ദാവീദിനും രാജകൊട്ടാരത്തിൽ ഉള്ളവർക്കും ദൈവത്തിന്റെ അരുളപ്പാട് പോലെയായിരുന്നു (2 ശമു. 16:23). എങ്കിലും, മകനായ അബ്ശാലോം സ്വന്തം പിതാവിനെതിരായി എഴുന്നേറ്റപ്പോൾ, ദാവീദിനെ വീഴ്ത്താനും, അദ്ദേഹത്തിന്റെ രാജ്യം പിടിച്ചെടുക്കാനും അഹീഥോഫെൽ ദാവീദിന് ദോഷകരവും ക്രൂരവുമായ ആലോചനകൾ നൽകി. ഒടുവിൽ, അവന്റെ ആലോചന നടക്കാതെ വന്നപ്പോൾ അവൻ സ്വയം കെട്ടിഞാന്നു മരിച്ചു (2 ശമുവേൽ 17:23).

**യൂദാ ഈസ്കര്യോത്താവ് -** യേശുക്രിസ്തുവിനോടൊപ്പം മൂന്നര വർഷം സഞ്ചരിച്ച വ്യക്തിയാണ് യൂദാ ഈസ്കര്യോത്താവ്. പണസഞ്ചി സൂക്ഷിക്കാൻ തക്കവണ്ണം വിശ്വസ്തനായിരുന്നു. തന്നോട് ദ്രോഹം ചെയ്തപ്പോഴും യേശു അവനെ സ്നേഹിതാ എന്ന് തന്നെയാണ് വിളിച്ചത്. എങ്കിലും, ആ സമയം വരെയും യാതൊരു തിരിച്ചറിവുമില്ലാതെ, യേശുവിനെ ഒറ്റിക്കൊടുത്തു. അവസാനം, കെട്ടി ഞാന്ന് മരിച്ചു എന്ന് മാത്രമല്ല, ബാക്കി പതിനൊന്ന് അപ്പൊസ്തലന്മാർക്ക് ലഭിച്ച എല്ലാ പദവികളും അവന് നഷ്ടമായി.

വിശ്വാസം തകർക്കുന്ന സ്വഭാവം പലപ്പോഴും ക്ഷമിക്കാത്ത ഹൃദയത്തിൽ നിന്ന് വരുന്നതാണ്. ഇത് മനസ്സിൽ വച്ചുകൊണ്ട്, നമുക്കും യേശുവിനെ ഒരു തരത്തിലും


യൂദാ ഈസ്കര്യോത്താവ്

ഉപദ്രവിക്കാത്ത നല്ല സ്നേഹിതരായിരിക്കാം. അതേസമയം, യേശുവിനെപ്പോലെ ജീവിക്കാൻ ആഗ്രഹിക്കുന്ന നമ്മുടെ ജീവിതത്തിലേക്ക് അത്തരം സ്നേഹിതർ കടന്നുവരുമ്പോൾ, ജ്ഞാനത്തോടും സ്നേഹത്തോടും പ്രവർത്തിക്കാം. (വായിക്കാൻ എഫെ. 12:15, സദൃ. 27:6, ലൂക്കൊസ് 17:3).

# ഉടമ്പടിയിലൂടെ വിശ്വസ്തരായിത്തീർന്ന ഉടമ്പടിയുടെ സ്നേഹിതർ




**യോനാഥാൻ -** തന്റെ ജീവനേക്കാൾ ഉപരിയായി ദാവീദിനെ സ്നേഹിച്ചു. തനിക്കുപകരം രാജാവായി തിരഞ്ഞെടുക്കപ്പെട്ടത് ദാവീദാണെന്ന് അറിഞ്ഞിട്ടും, ദാവീദിനെ ശത്രുവായി കണക്കാക്കിയ തന്റെ പിതാവിന്റെ കൈകളിൽ നിന്ന് രക്ഷിക്കാൻ അവൻ തന്റെ ജീവനെ പണയപ്പെടുത്തി.

തന്റെ മഹത്വവും, പദവിയും ഉപേക്ഷിച്ചുകൊണ്ട്, താൻ ചെയ്ത തീരുമാനങ്ങളും ഉടമ്പടികളും അവൻ വിശ്വസ്തതയോടെ കാത്തുസൂക്ഷിച്ചു.

**യോഹന്നാൻ സ്നാപകൻ -** യേശുക്രിസ്തുവിന് മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകൻ, "അവൻ വളരേണം, ഞാനോ കുറയേണം" എന്ന് പറഞ്ഞ് തന്റെ മഹിമയും പ്രശസ്തിയും യേശുവിനായി വിട്ടുകൊടുത്തു. തന്റെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട മഹാനായ പ്രവാചകനായിരുന്നിട്ടും, തന്നെ മണവാളന്റെ കൂട്ടുകാരൻ എന്ന് പരാമർശിച്ചിരിക്കുന്നു. യേശുവിനെ പൂർണ്ണഹൃദയത്തോടെ പിന്തുടർന്ന ശിഷ്യന്മാരെയും യേശുവിന്റെ സ്നേഹിതർ എന്ന് വിളിച്ചിരുന്നു. യൂദാസിനെ ഒഴിച്ച് മറ്റെല്ലാവരും കർത്താവുമായുള്ള ഉടമ്പടിയെ കാത്തുസൂക്ഷിച്ച്, രക്തസാക്ഷികളായി മരിച്ചു. അവർ സ്വർഗത്തിലും യേശുവിനെ മഹത്വപ്പെടുത്തുന്നു.

നമുക്കും ക്രിസ്തുവിനോട് ചെയ്ത ഉടമ്പടികളെ കാത്തുസൂക്ഷിക്കാം. യേശുവിനെ മഹത്വപ്പെടുത്താം. നാം എപ്പോഴും യേശുവിന്റെ സ്നേഹിതരാണ്. അതുപോലെ, മറ്റുള്ളവരോട് ചെയ്ത ഉടമ്പടികളും ലംഘിക്കാതെ, ഐക്യതയോടെ ജീവിക്കാം.

**(വായിക്കാൻ: സദൃ. 18:24, യോഹന്നാൻ 3:30;15:15, വെളി. 4:10,11)**



# പരിശ്രമത്തിലൂടെ മുദ്ര പതിപ്പിച്ചവർ



**പ്രിയപ്പെട്ട യുവ പ്രതിഭകൾക്ക് എന്റെ സ്നേഹം നിറഞ്ഞ ആശംസകൾ! ഈ മാസം നാം പരിചയപ്പെടാൻ പോകുന്നത് സാം ആൾട്ട്മാൻ എന്ന പ്രതിഭയെയാണ്. ലോകത്തിലെ മുൻനിര വ്യവസായ സംരംഭകരിൽ ഒരാളായ ഇദ്ദേഹം, കൃത്രിമബുദ്ധി മേഖലയിൽ വലിയൊരു മാറ്റം സൃഷ്ടിച്ചവരിൽ പ്രധാനിയാണ്. അദ്ദേഹത്തിന്റെ ജീവിതയാത്ര കഠിനാധ്വാനം, ആത്മവിശ്വാസം, നിരന്തരമായ പരിശ്രമം എന്നിവയുടെ മികച്ച ഉദാഹരണമാണ്.**



സാം ആൾട്ട്മാൻ 1985 ഏപ്രിൽ 22ന് അമേരിക്കയിലെ ചിക്കാഗോ നഗരത്തിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, 2005ൽ **Stanford University**യിൽ കമ്പ്യൂട്ടർ സയൻസ് പഠിക്കുവാൻ ചേർന്നു. എന്നാൽ തന്റെ സ്വപ്നങ്ങളിലേക്ക് വേഗത്തിൽ മുന്നേറണം എന്ന ആഗ്രഹത്താൽ, കോഴ്സ് പൂർത്തിയാക്കാതെ അദ്ദേഹം കോളേജ് വിട്ടിറങ്ങി.

ചെറുപ്പകാലം മുതൽ ഒരു മികച്ച വ്യവസായ സംരംഭകനാകണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. തന്റെ 19-ാം വയസ്സിൽ അദ്ദേഹം **"Loopt"** എന്ന കമ്പനി ആരംഭിച്ചു. തുടക്കത്തിൽ അദ്ദേഹം പ്രതീക്ഷിച്ച വിജയം ലഭിച്ചിരുന്നില്ല. എങ്കിലും പരാജയങ്ങളിൽ തളരാതെ, പുതിയ കഴിവുകൾ പഠിച്ച് അദ്ദേഹം തുടർന്നും കഠിനമായി അധ്വാനിച്ചു.

പിന്നീട് ലോകപ്രശസ്തമായ സ്റ്റാർട്ടപ്പ് ഇൻകുബേറ്ററായ **Y Combinator** ൽ പ്രധാന

ചുമതലകൾ ഏറ്റെടുത്ത്, ആയിരക്കണക്കിന് യുവ വ്യവസായ സംരംഭകർക്ക് അദ്ദേഹം ഒരു വഴികാട്ടിയായി മാറി. പലരുടെയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനും സഹായിച്ചു.

അതിനെത്തുടർന്ന് **Open AI** കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (**CEO**) ആയി അദ്ദേഹം ചുമതലയേറ്റു. 2023ൽ അദ്ദേഹം പെട്ടെന്ന് ആ കമ്പനിയിലെ പദവിയിൽ നിന്ന് നീക്കപ്പെട്ടു. പല വിമർശനങ്ങളും വെല്ലുവിളികളും നേരിട്ട സമയത്ത് പോലും അദ്ദേഹത്തിന്റെ മനസ്സ് മടുത്തില്ല. കുറച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ വീണ്ടും അതേ പദവിയിലേക്ക് അദ്ദേഹം തിരിച്ചെത്തി.




അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ChatGPT പോലുള്ള കൃത്രിമബുദ്ധി സാങ്കേതികവിദ്യകൾ ഇന്ന് ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ജനങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം, ഗവേഷണം, തൊഴിൽ, ദൈനംദിന ജീവിതം തുടങ്ങി പല മേഖലകളിലും AIയുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

ഒരു കോളേജ് **drop-out** വിദ്യാർത്ഥിയായി യാത്ര ആരംഭിച്ച്, ഇന്ന് ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള സാങ്കേതിക വിദഗ്ദ്ധരിൽ ഒരാളായി സാം ആൾട്ട്മാൻ ഉയർന്നു കഴിഞ്ഞു. അദ്ദേഹത്തിന്റെ ജീവിതം വിജയത്തിന് ബിരുദങ്ങൾ മാത്രമല്ല, കഠിനാധ്വാനവും, നിരന്തരമായ പഠനവുമാണ് പ്രധാനം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

**പ്രിയപ്പെട്ട യൗവനക്കാരെ, നല്ല സ്നേഹിതർ നിങ്ങളുടെ ജീവിതത്തെ ശരിയായ ദിശയിൽ നയിക്കും. വിശ്വസ്തതയില്ലാത്ത കൂട്ടുകെട്ടുകൾ നിങ്ങളെ നശിപ്പിക്കുകയും ചെയ്യും. ഈ ലോകം നിങ്ങൾക്ക് എതിരായി നിന്നാലും, നിങ്ങളെയും നിങ്ങളുടെ ആഗ്രഹങ്ങളെയും ശരിയായി മനസ്സിലാക്കുന്ന ഒരു നല്ല സ്നേഹിതൻ കൂടെയുണ്ടെങ്കിൽ ഏത് സാഹചര്യത്തെയും നിങ്ങൾക്ക് ധൈര്യത്തോടെ നേരിടാൻ സാധിക്കും. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:20) എന്ന് വാഗ്ദത്തം നൽകിയിരിക്കുന്ന യേശുവിനെപ്പോലെ വിശ്വസ്തനായ സ്നേഹിതൻ വേറെയാരുമില്ല.**

**അതുകൊണ്ട്, നിങ്ങളുടെ ജീവിതത്തിൽ നല്ല സ്നേഹിതരെ തിരഞ്ഞെടുക്കുവിൻ അതിനേക്കാളും ഉപരിയായി യേശുവുമായി ആഴമേറിയതും ഹൃദയംഗവുമായ ഒരു സൗഹൃദം വളർത്തിയെടുക്കുവിൻ.**


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
|---|---|---|
| യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം<br>KVR - 247, മുളവന ജംഗ്ഷൻ,<br>തേക്കുംമൂട്, കണ്ണമ്മൂല റോഡ്,<br>തിരുവനന്തപുരം - 695035<br>Office Time 9:30 A.M. - 5:30 P.M.<br>Ph: 92497 18266, 0471-233 1392. | Chandrasseri House,<br>Madaplathuroth,<br>Moothakunnam - 683 516,<br>Kochi,<br>Kerala State. | 2nd Floor,<br>Aswathy Tower,<br>Thekkumgopuram - 686 001,<br>Kottayam, Kerala State.<br>Office Time 10:00 A.M. - 6:00 P.M.<br>Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# മലനിരകൾ കടന്നുവന്ന സുവിശേഷം



**1886ൽ ലണ്ടനിൽ ജനിച്ച ജെയിംസ് ഓട്ട്റാം ഫ്രേസറിന്റെ ഭാവി വളരെ തിളക്കമുള്ളതായിരുന്നു. ഇംപീരിയൽ കോളേജിൽ എഞ്ചിനീയറിംഗ് പഠിച്ച അദ്ദേഹം, ഒരു മികച്ച പിയാനോ സംഗീതജ്ഞൻ കൂടിയായിരുന്നു. നല്ല ജോലി, പേര്, പ്രശസ്തി, സുഖസൗകര്യങ്ങൾ ഇവയെല്ലാം നിറഞ്ഞ ജീവിതം അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു.**

എന്നാൽ കർത്താവ് അദ്ദേഹത്തിന് മറ്റൊരു പദ്ധതിയാണ് ഒരുക്കിവച്ചിരുന്നത്. ജെയിംസിന്റെ അമ്മയായ ആനി ഫ്രേസർ, തന്റെ മക്കളിൽ ഒരാളെങ്കിലും മിഷനറിയാകണം എന്ന് പലതവണ പ്രാർത്ഥിച്ചിരുന്നു. കോളേജിൽ പഠിച്ചുകൊണ്ടിരുന്ന സമയത്ത്, ഹഡ്സൺ ടെയ് ലറുടെ ജീവചരിത്രം വായിക്കാൻ ഇടയായപ്പോൾ ദൈവവിളി തന്റെ ഹൃദയത്തിൽ അദ്ദേഹം ആഴത്തിൽ തിരിച്ചറിഞ്ഞു. ഒടുവിൽ, ചൈനയിലെ ജനങ്ങൾക്കായി തന്റെ ജീവിതം സമർപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു.

1908-ാം ആണ്ടിൽ, തന്റെ 22-ാം വയസ്സിൽ ജെയിംസ് ചൈനയിലേക്ക് പുറപ്പെട്ടു. അവിടെ എത്തിയ ഉടൻതന്നെ, ജനങ്ങളോട് സുവിശേഷം അറിയിക്കണമെങ്കിൽ ആദ്യം അവരുടെ ഭാഷ പഠിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. കവലകളിൽ മണിക്കൂറുകളോളം ഇരുന്ന് അദ്ദേഹം ജനങ്ങളുടെ സംഭാഷണങ്ങൾ ശ്രദ്ധിച്ചു. പുതിയ വാക്കുകൾ പഠിച്ചെടുത്തു. ഏകാന്തതയും നിരാശയും നേരിട്ടപ്പോഴും, മലനിരകളിൽ പോയി പ്രാർത്ഥിക്കുകയും, ദൈവത്തെ സ്തുതിക്കുകയും വേദപുസ്തകം വായിക്കുകയും ചെയ്തു.

ചില വർഷങ്ങൾക്ക് ശേഷം, ചൈനയുടെ തെക്കുപടിഞ്ഞാറൻ ഭാഗത്ത് താമസിക്കുന്ന ലിസു (**Lisu**) ഗോത്രവർഗ്ഗക്കാരെ അദ്ദേഹം കണ്ടുമുട്ടി. അവരുടെ ലളിതജീവിതവും സ്നേഹവും ജെയിംസിനെ വളരെയധികം ആകർഷിച്ചു. അവരോടൊപ്പം ജീവിക്കാനുള്ള അവസരം ലഭിച്ചപ്പോൾ, അദ്ദേഹം അവർ കഴിക്കുന്ന ഭക്ഷണം കഴിച്ചു അവരുടെ ജീവിതസാഹചര്യങ്ങളിൽ ജീവിച്ചു അവരുടെ ഭാഷയും സംസ്കാരവും പഠിച്ചെടുത്തു.

തുടക്കത്തിൽ ശുശ്രൂഷ ഒട്ടും എളുപ്പമായിരുന്നില്ല. ജനങ്ങൾ താല്പര്യത്തോടെ കേട്ടെങ്കിലും, പലരും വീണ്ടും തങ്ങളുടെ പഴയ ജീവിതരീതികളിലേക്ക് തന്നെ തിരികെപ്പോയി. രോഗങ്ങൾ, എതിർപ്പുകൾ, പരീക്ഷണങ്ങൾ എന്നിങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ടായി. എന്നാൽ ജെയിംസ് പ്രാർത്ഥന മാത്രം ഉപേക്ഷിച്ചില്ല. യഥാർത്ഥ ശുശ്രൂഷ ജനിക്കുന്നത് പ്രാർത്ഥനയിലാണ് എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം നിരന്തരം കർത്താവിനെ അന്വേഷിച്ചുകൊണ്ടിരുന്നു.

ഒടുവിൽ അദ്ദേഹത്തിന്റെ പ്രാർത്ഥനയും കഠിനാധ്വാനവും ഫലം കണ്ടു. 1913-ാം ആണ്ടിൽ ആദ്യത്തെ ജ്ഞാനസ്നാന ആരാധന നടന്നു. അതിനുശേഷം കുടുംബം കുടുംബമായി ജനങ്ങൾ യേശുവിനെ സ്വീകരിക്കാൻ തുടങ്ങി. 1918-ഓടെ 129 കുടുംബങ്ങളിലായി 600ലധികം ആളുകൾ യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിച്ചു.

1929ൽ റോക്സി ഡയമണ്ട് എന്ന മിഷനറി യുവതിയെ അദ്ദേഹം വിവാഹം കഴിച്ചു. അവർ തങ്ങളുടെ രണ്ട് ആൺമക്കളോടൊപ്പം ശുശ്രൂഷ ചെയ്തു. 1930കളിൽ ലിസു ജനങ്ങൾക്കിടയിൽ വലിയൊരു ആത്മീയ ഉണർവുണ്ടായി. ആയിരക്കണക്കിന് ജനങ്ങൾ യേശുവിനെ രക്ഷകനായി സ്വീകരിച്ചു.

1938ൽ, തന്റെ 52-ാമത്തെ വയസ്സിൽ ജെയിംസ് ഫ്രേസർ കർത്താവിൽ നിദ്രപ്രാപിച്ചു. എന്നാൽ അദ്ദേഹം വിതച്ച സുവിശേഷ വിത്തുകൾ തുടർന്നും ഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഇന്ന് ചൈനയിലും മ്യാൻമാറിലുമായി ജീവിക്കുന്ന ലക്ഷക്കണക്കിന് ലിസു ജനങ്ങൾ യേശുക്രിസ്തുവിനെ പിന്തുടരുന്നു.

**ജെയിംസ് ഫ്രേസറിന്റെ ശുശ്രൂഷയുടെ സവിശേഷതകൾ**

► ജനങ്ങളുടെ മാതൃഭാഷയിൽ സുവിശേഷം അറിയിച്ചു.

► ഇതുവരെ സുവിശേഷം എത്തിച്ചേരാത്ത ജനങ്ങൾക്കിടയിൽ ഒരു മുൻഗാമിയായി അദ്ദേഹം ശുശ്രൂഷ ചെയ്തു.

► ആളുകളെ നേരിട്ട് സന്ദർശിച്ച് ക്രിസ്തുവിനെ പരിചയപ്പെടുത്തി.

► പുതിയ സഭകൾ സ്ഥാപിച്ച് അവയെ വളർത്തിക്കൊണ്ടുവന്നു.

► വിശ്വാസികളെ വേദപുസ്തക അടിസ്ഥാനത്തിൽ പരിശീലിപ്പിച്ചു.

► വേദപുസ്തക പരിഭാഷകളിൽ പങ്കാളിയായി.

► ലിസു ജനങ്ങൾക്കായി ഒരു എഴുത്തുലിപി രൂപീകരിക്കാൻ സഹായിച്ചു.

► പാട്ടുകളിലൂടെ വേദപുസ്തക സത്യങ്ങൾ പഠിപ്പിച്ചു.

► പ്രാദേശിക നേതാക്കളെ വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിച്ചു.

► സ്വയംപര്യാപ്തമായ സഭകൾ രൂപീകരിക്കാൻ നേതൃത്വം നൽകി പ്രാർത്ഥനാ പ്രസ്ഥാനങ്ങൾ ആരംഭിച്ചു ഉണർവിനായി സമർപ്പണത്തോടെ പ്രവർത്തിച്ചു.

**കെട്ടിടങ്ങൾ നിർമ്മിക്കുന്ന എഞ്ചിനീയറാകാൻ ആഗ്രഹിച്ച ഒരു യുവാവിനെ കർത്താവ് ഒരു ഗോത്രവർഗ്ഗത്തെ ആത്മീയ തലത്തിലേക്ക് മാറ്റാനുള്ള ഒരു ഉപകരണമായി മാറ്റി.**



"സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കുകയും ...ചെയ്യുന്ന സുവാർത്താ ദൂതന്റെ കാൽ പർവതങ്ങളിന്മേൽ എത്ര മനോഹരം" യെശയ്യാവ് 52:7.

പ്രിയപ്പെട്ട യൗവനക്കാരെ, കർത്താവ് നിങ്ങളുടെ പഠനത്തെയോ, കഴിവുകളെയോ, ജോലിയെയോ ഉപയോഗിക്കാൻ ആഗ്രഹിക്കാം. അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു ദൗത്യത്തിനായി നിങ്ങളെ വിളിച്ചേക്കാം. അതുകൊണ്ട് കർത്താവിന്റെ പദ്ധതികൾക്കായി നിങ്ങളെ പൂർണ്ണമായി സമർപ്പിക്കുവിൻ.

കർത്താവിന്റെ വിളിക്ക് കീഴടങ്ങുന്ന ഒരൊറ്റ വ്യക്തിക്ക്, ഒരു വലിയ ജനതയുടെ ഭാവി തന്നെ മാറ്റിമറിക്കാൻ കഴിയും. അതുപോലെ ഓരോ യൗവനക്കാരും ഒരു ഗ്രാമത്തെയോ, ഒരു ജനവിഭാഗത്തെയോ ഏറ്റെടുത്ത് കർത്താവിനോടുള്ള വിശ്വസ്തതയോടും സമർപ്പണത്തോടും പ്രവർത്തിച്ചാൽ, നമ്മുടെ ദേശത്ത് വലിയൊരു ഉണർവ് കാണാൻ സാധിക്കും.




# യഥാർത്ഥ സ്നേഹിതൻ

കഴിഞ്ഞ ദിവസങ്ങളിൽ വാർത്തകളിലും മാധ്യമങ്ങളിലും **Epstein Files** നെക്കുറിച്ചുള്ള വിവരങ്ങൾ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിരുന്നു. അതിൽ പ്രധാനമായും, ഒരു പ്രത്യേക വ്യക്തിയുമായി ലോകനേതാക്കളും പ്രശസ്തരായ ശതകോടീശ്വരന്മാരും വിവിധ കാരണങ്ങളാൽ സമ്പർക്കം പുലർത്തിയിരുന്നതായി പറയപ്പെടുന്നു. അത്, പലരെക്കുറിച്ചും മോശമായും അപകീർത്തികരമായും സംസാരിക്കാൻ കാരണമായി. ഇതിനെല്ലാം പ്രധാന കാരണം തെറ്റായ സൗഹൃദമാണ്.

ലോകപ്രശസ്ത ശതകോടീശ്വരനനായ **Bill Gates**, നാല് വർഷമായി എപ്സ്റ്റൈനുമായി സൗഹൃദത്തിലായിരുന്നു എന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ, അദ്ദേഹത്തോട് ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ, അവനോടൊപ്പം ഞാൻ ചെലവഴിച്ച ഓരോ നിമിഷത്തെക്കുറിച്ചും ഞാൻ ഖേദിക്കുന്നു ... അത് വലിയൊരു തെറ്റായിരുന്നു ... എന്ന് അദ്ദേഹം പറഞ്ഞു. അത് മാത്രമല്ല, അവനുമായി ഞാൻ ചെലവഴിച്ച സമയങ്ങളും, സ്വത്ത് മാനേജ്മെന്റിനായി തയാറാക്കിയ പദ്ധതികളും പരാജയപ്പെട്ടതായും അദ്ദേഹം സൂചിപ്പിച്ചു. ഒരു തെറ്റായ സൗഹൃദം ലോകത്തിലെ പല പ്രമുഖരെയും അപമാനത്തിലേക്ക് തള്ളിവിട്ടിരിക്കുകയല്ലേ?

ഇത് അന്ത്യകാലമാണ്. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായിരിക്കുമെന്ന് വേദപുസ്തകം 2000 വർഷങ്ങൾക്ക് മുമ്പ് തന്നെ പറഞ്ഞിട്ടുണ്ട് (2തിമൊ.3:1-5). അതുകൊണ്ട്, ഇങ്ങനെയുള്ളവരിൽ നിന്ന് അകന്നുനിൽക്കുവിൻ.

കഴിഞ്ഞ ജൂൺ മാസം, ശിവഗംഗ ജില്ലയിൽ പത്താം ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയെ, ജലാശയത്തിനടുത്ത് മാരകമായ പരിക്കുകളോടെ കണ്ടെത്തി. എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചപ്പോൾ, അവന്റെ അടുത്ത സുഹൃത്തുക്കളുമായി ഉണ്ടായ ചെറിയൊരു തർക്കം വഷളാകുകയും, അവർ അവനെ കൊലപ്പെടുത്തുകയുമായിരുന്നു എന്ന് വിവരം ലഭിച്ചു.

നോക്കൂ; "സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കുന്നു; അനർഥകാലത്ത് അവൻ സഹോദരനായിത്തീരുന്നു" എന്ന് വേദപുസ്തകം പറയുന്നു. എന്നാൽ ഇന്നോ, പലപ്പോഴും സ്നേഹിതർ തന്നെയാണ് ആപത്തിന് കാരണക്കാരാകുന്നത്.

തങ്ങളെത്തന്നെ സംരക്ഷിക്കാനും, തങ്ങളുടെ സ്വാർത്ഥ ആഗ്രഹങ്ങൾ നിറവേറ്റാനുമായി മറ്റുള്ളവരെ അപകടത്തിലാക്കിയിട്ട് ഓടിപ്പോകുന്നവരുടെ മധ്യത്തിലാണ് നാം ജീവിക്കുന്നത്. സത്യവേദം ഈ കാലഘട്ടത്തെ അന്ത്യകാലം എന്ന് വിളിക്കുന്നു. അത് സത്യമല്ലേ?

പരമപിതാവിന്റെ സ്നേഹം ഒഴികെ ഈ ലോകത്തിലുള്ള മറ്റെല്ലാം അസ്ഥിരമാണെന്ന് മനസ്സിലാക്കിക്കൊണ്ട് യേശു ഒരു ഉപമ പറയുകയുണ്ടായി. ലൂക്കൊസ് 15ൽ പറയുന്ന ഇളയമകൻ, പിതാവിന്റെ സ്നേഹവലയം വിട്ട് കൂട്ടുകാരെ തേടി ഓടുന്നു. അവസാനം, അവർ അവനെ തെറ്റായ വഴിയിൽ നടത്തുക മാത്രമല്ല, അവനുള്ളതെല്ലാം നഷ്ടപ്പെടുത്തി, അവനെ ഒരു കുറ്റവാളിയായി ഉപേക്ഷിക്കുകയും ചെയ്തു. അവൻ അപമാനിതനായി, കുറ്റബോധത്താൽ അസ്വസ്ഥനായി, തന്റെ ജീവിതത്തെ തന്നെ വെറുക്കുന്നവനായി, പന്നികൾ തിന്നുന്ന തവിടിനായി കാത്തിരിക്കുന്ന അവസ്ഥയിലേക്ക് തള്ളപ്പെട്ടു.



കൂട്ടുകാരേ! ഈ ലോകവും ഇതുപോലെയാണ്. ആദ്യം അത് നിങ്ങളെ തെറ്റായ വഴിയിൽ നടത്തും; പിന്നീട് അപമാനിക്കും. എന്തെന്നാൽ, ഈ ലോകം ദുഷ്ടനായ പിശാചിന്റെ അധീനതയിൽ കിടക്കുകയാണ് (1 യോഹ.5:19). അവൻ ആദ്യം നിങ്ങളെക്കൊണ്ട് തെറ്റ് ചെയ്യിക്കും; പിന്നീട് ആ തെറ്റിന്റെ പേരിൽ നിങ്ങളെ കുറ്റപ്പെടുത്തും.

എന്നാൽ, യഥാർത്ഥമായ ഒരു സ്നേഹബന്ധം ഉണ്ട്. അതാണ് യേശുവിനോടും , യേശുവിന്റെ മക്കളോടും നാം പുലർക്കേണ്ട സൗഹൃദം. ഉദാഹരണത്തിന്, വിശ്വാസികളുടെ പിതാവായ അബ്രഹാം "ദൈവത്തിന്റെ സ്നേഹിതൻ" (യാക്കോബ് 2:23) എന്ന് വിളിക്കപ്പെട്ടു. ഇസ്രായേൽ ജനങ്ങളെ നയിച്ച മോശെയും ദൈവത്തിന്റെ സ്നേഹിതനായിരുന്നു (പുറ.33:11). യേശു തന്റെ ശിഷ്യന്മാരോട്,"ഞാൻ നിങ്ങളെ ദാസന്മാർ എന്ന് ഇനി പറയുന്നില്ല ... ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്ന് പറഞ്ഞിരിക്കുന്നു" എന്ന് പറയുകയുണ്ടായി.

'അവർ തെറ്റുകൾ ചെയ്തിട്ടില്ലേ?' എന്ന് നിങ്ങൾ ചിന്തിച്ചേക്കാം. അവർ പലതവണ തെറ്റുകൾ ചെയ്തിട്ടുണ്ട്. എന്നാൽ, തങ്ങളുടെ തെറ്റുകൾ തിരിച്ചറിഞ്ഞ് മാനസാന്തരപ്പെട്ട്, കർത്താവിന് കീഴടങ്ങിയതുകൊണ്ട്, അവർ സ്വയം ദൈവത്തിന്റെ സ്നേഹിതന്മാരാണെന്ന് അവകാശപ്പെട്ടില്ല; ദൈവമാണ് അവരെ അങ്ങനെ വിളിച്ചത്. കർത്താവ് അവർ ചെയ്ത തെറ്റുകൾ കാണിച്ചുകൊടുത്ത് അവരെ കുറ്റപ്പെടുത്തുകയോ അപമാനിക്കുകയോ ചെയ്തില്ല. എന്തെന്നാൽ, കർത്താവിന്റെ സ്നേഹം പാപങ്ങളുടെ വലിയൊരു കൂട്ടത്തെ മൂടുന്നു. സ്നേഹസ്വരൂപനായ കർത്താവ് നിങ്ങളുടെ തെറ്റുകൾ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ സ്നേഹവലയത്തിലേക്ക് ഓടിയെത്തിയാൽ, നിങ്ങൾക്ക് പാപമോചനം പ്രാപിക്കാം.

എന്തെന്നാൽ, കർത്താവ് ഒരു സാധാരണ സ്നേഹിതനല്ല. നമുക്ക് നമ്മെത്തന്നെ സ്നേഹിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നപ്പോൾ പോലും കർത്താവ് നമ്മെ സ്നേഹിക്കുകയും, നമ്മുടെ സ്ഥാനത്ത് നമുക്ക് വേണ്ടി അടിയേൽക്കുകയും ചെയ്തു. അത്രയധികം സ്നേഹമുള്ളവനാണ് നമ്മുടെ ആത്മമിത്രമായ യേശു. കർത്താവിനെ സ്നേഹിക്കാതിരിക്കുന്നതാണ് യഥാർത്ഥ പാപം.

ഈ ദുഷ്ട ലോകത്തിൽ വിശ്വസ്തരായ സ്നേഹിതരെ തിരഞ്ഞെടുക്കുക എന്നത് പ്രയാസകരമാണ്. അതുകൊണ്ട്, 'എനിക്ക് സത്യസന്ധരായ സ്നേഹിതരില്ലല്ലോ' എന്നോർത്ത് നിങ്ങൾ വിഷമിക്കേണ്ടതില്ല. കൂട്ടത്തിൽ പറയാൻ കഴിയില്ലെങ്കിലും, തന്നെ ഒറ്റിക്കൊടുക്കാൻ വന്ന യൂദായെ നോക്കിപ്പോലും യേശു 'സ്നേഹിതൻ' എന്ന് തന്നെയാണ് വിളിച്ചത്. മറ്റുള്ളവരെ സ്നേഹിക്കാതെ, 'അവർ തെറ്റുകൾ ചെയ്യുന്നു' എന്ന് എപ്പോഴും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നതും തെറ്റാണ്. അതുകൊണ്ട്, ഇളയമകനെപ്പോലെയുള്ളവരെപ്പോലും തനിക്ക് പ്രിയപ്പെട്ടവരാക്കി മാറ്റാൻ വന്ന യേശുവിനെപ്പോലെ, നമുക്കും അനേകർക്ക് നല്ല സ്നേഹിതരായിരിക്കാം. അതിന് സാധിച്ചില്ലെങ്കിൽ, ദോഷം ചെയ്യുന്ന സുഹൃത്തുക്കളിൽ നിന്ന് മാറിനിൽക്കാം (സദൃ.24:1).

**ലോകം മുഴുവനും നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് യാതൊരു ഫലവുമില്ല.**

**അതുകൊണ്ട്, ഓരോ നിമിഷവും ജാഗ്രതയോടിരുന്ന് സ്നേഹിതരെ തിരഞ്ഞെടുക്കുവിൻ. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ. യേശുവാണ് അവസാനത്തോളം നമ്മുടെ യഥാർത്ഥ സ്നേഹിതൻ.**

A real friend moves with you in love, when the world leaves you.
A real friend corrects you with kindness, when others condemn you.

വരുവിൻ പ്രാർത്ഥിക്കാം

ആഗസ്റ്റ് 2026

# ചെറുകിട, സൂക്ഷ്മ ബിസിനസ്സ് ചെയ്യുന്നവർക്കുവേണ്ടി

## സ്ഥിതിവിവരക്കണക്കുകൾ :

► ഇന്ത്യയുടെ വ്യവസായ ഉൽപ്പാദനത്തിൽ 40%വും , രാജ്യത്തിന്റെ മൊത്തം കയറ്റുമതിയിൽ 50% വും **SSI / MSME** മേഖലയ്ക്കുള്ളതാണ്.

► രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സാമ്പത്തിക വളർച്ചയിലും ഈ മേഖല പ്രധാന പങ്ക് വഹിക്കുന്നു.

► വസ്ത്ര നിർമ്മാണ യൂണിറ്റുകൾ, ബേക്കറി വ്യവസായങ്ങൾ, ചെറുകിട ഭക്ഷ്യ ഉൽപ്പാദന സ്ഥാപനങ്ങൾ, കരകൗശല നിർമ്മാണശാലകൾ തുടങ്ങിയവ SSIമേഖലയുടെ പ്രധാന ഉദാഹരണങ്ങളാണ്.

### പ്രാർത്ഥനാ വിഷയങ്ങൾ:



► ചെറുകിട, സൂക്ഷ്മ ബിസിനസ്സ് സംരംഭകർക്ക് തങ്ങളുടെ ബിസിനസ്സ് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ വായ്പകളും മറ്റ് സഹായങ്ങളും കൃത്യസമയത്ത് ലഭിക്കുന്നതിനായി പ്രാർത്ഥിപ്പിൻ.

► അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, പണപ്പെരുപ്പം, ഫണ്ടുകൾ ലഭിക്കാനുള്ള കാലതാമസം തുടങ്ങിയ സാമ്പത്തിക ബാധ്യതകൾ വ്യവസായ വളർച്ചയ്ക്ക് തടസ്സമാകാതിരിക്കാൻ പ്രാർത്ഥിപ്പിൻ.

► ചെറുകിട വ്യവസായങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച്, സമൂഹത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ഒരു അനുഗ്രഹമായി മാറാൻ പ്രാർത്ഥിപ്പിൻ.

► വൻകിട കമ്പനികൾ ഇവരുടെ അധ്വാനത്തെ ചൂഷണം ചെയ്യാതിരിക്കാനും, കർത്താവ് ഇവരെ സംരക്ഷിച്ച് ഇവരുടെ അധ്വാനത്തിന് തക്ക ഫലം നൽകുവാനും പ്രാർത്ഥിപ്പിൻ.

# ഇന്ത്യയിലെ ഗോത്രവർഗ്ഗ ജനവിഭാഗങ്ങൾക്കായി

## സ്ഥിതിവിവരക്കണക്കുകൾ :

► 10.4 കോടി ജനങ്ങൾ: ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 8.6% വരുന്നു. ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ ഗോത്രവർഗ്ഗ ജനങ്ങൾ ജീവിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

► 45.3% ദാരിദ്ര്യം: ഗ്രാമീണ മേഖലയിലെ ഗോത്രവർഗ്ഗക്കാരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത്.

► 59 സാക്ഷരത: ദേശീയ ശരാശരിയേക്കാൾ വളരെ കുറഞ്ഞ വിദ്യാഭ്യാസ നിരക്കാണ് ഇവരുടെ ഇടയിൽ കാണപ്പെടുന്നത്.

### പ്രാർത്ഥനാ വിഷയങ്ങൾ

► ഇന്ത്യയിലെ ആദിവാസി ജനവിഭാഗങ്ങളുടെ പരമ്പരാഗത ഭൂമി, ഖനികൾക്കും ഫാക്ടറികൾക്കുമായി കൈയേറപ്പെടാതിരിക്കാനും, അവരുടെ ഭൂമിക്കുമേലുള്ള അവകാശങ്ങളും ഉപജീവനമാർഗ്ഗങ്ങളും സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.

► തലമുറകളായി നിലിനിൽക്കുന്ന ദാരിദ്ര്യത്തിൽ നിന്നും കടബാധ്യതകളിൽ നിന്നും അവർക്ക് വിടുതൽ ലഭിക്കാനും, മാന്യമായ തൊഴിലവസരങ്ങൾ വഴി സാമ്പത്തിക സ്വാതന്ത്ര്യം നേടാനും പ്രാർത്ഥിപ്പിൻ.

► ഉൾഗ്രാമങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുട്ടികൾക്കും അമ്മമാർക്കും ഉണ്ടാകുന്ന പോഷകാഹാരക്കുറവ് പരിഹരിക്കപ്പെടാനും, ശുദ്ധമായ കുടിവെള്ളവും അടിസ്ഥാന ആരോഗ്യ സൗകര്യങ്ങളും ലഭ്യമാകാനും പ്രാർത്ഥിപ്പിൻ.

► ഗോത്രവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ തങ്ങളുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം നേടാനും, അവരുടെ സംസ്കാരത്തെ മാനിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.



# ദാരിദ്രം നിമിത്തം ലോകരാജ്യങ്ങൾ ബാധിക്കപ്പെടാതിരിക്കാൻ

## സ്ഥിതിവിവരക്കണക്കുകൾ :

► ആഗോള ഭക്ഷണ പ്രതിസന്ധികൾക്ക് ഭൂരിഭാഗവും യുദ്ധങ്ങളും അക്രമങ്ങളുമാണ് പ്രധാന കാരണം.

► രാസവളങ്ങളുടെ വിലവർദ്ധനവ് ആഗോളതലത്തിൽ കാർഷിക ഉൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്.

► കാലാവസ്ഥാ വ്യതിയാനവും ഗതാഗത തടസ്സങ്ങളും കാരണം പല ലോക രാജ്യങ്ങളും ഭക്ഷണക്ഷാമം നേരിടുന്നു.

► അന്താരാഷ്ട്ര സാമ്പത്തിക സഹായങ്ങൾ കുറയുന്നതിനാൽ, ഭക്ഷണ പ്രതിസന്ധികൾക്കുള്ള ദീർഘകാല പരിഹാരങ്ങൾ നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു.

### പ്രാർത്ഥനാ വിഷയങ്ങൾ

► രാജ്യങ്ങൾക്കിടയിൽ നടക്കുന്ന യുദ്ധങ്ങൾ അവസാനിക്കാനും,, കർത്താവ് സമാധാനം നൽകാനും, ഭക്ഷണസാധനങ്ങൾ തടസ്സമില്ലാതെ ജനങ്ങളിലേക്ക് എത്തിച്ചേരാനും പ്രാർത്ഥിപ്പിൻ.

► കാലാവസ്ഥാ വ്യതിയാനം, കഠിനമായ വരൾച്ച, വിളനാശം തുടങ്ങിയ സാഹചര്യങ്ങൾ മാറി, കർത്താവ് ഭൂമിയിൽ മഴ പെയ്യിക്കുവാനായി പ്രാർത്ഥിപ്പിൻ.

► വിലക്കയറ്റത്താൽ കഠിനമായി ബാധിക്കപ്പെട്ട ദരിദ്രരായ ജനങ്ങൾ സംരക്ഷിക്കപ്പെടാനും, കാർഷിക വിളകളുടെയും രാസവളങ്ങളുടെയും വില കുറഞ്ഞ് പട്ടിണി മാറാനും പ്രാർത്ഥിപ്പിൻ.

► ലോകനേതാക്കൾ സ്വാർത്ഥതയില്ലാതെ പ്രവർത്തിച്ച്, പട്ടിണി നേരിടുന്ന ജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുവാനായി പ്രാർത്ഥിപ്പിൻ.



# അന്ത്യകാലത്ത് യൗവനക്കാർ വഞ്ചിക്കപ്പെടാതിരിക്കാൻ



## സ്ഥിതിവിവരക്കണക്കുകൾ :

► സ്കൂൾ പഠനം ഒഴിവാക്കി, വിനോദത്തിനായി ഒരു ശരാശരി യുവാവ് ദിവസവും മണിക്കൂറുകളോളം മൊബൈൽ ഫോണിനും ടിവിക്കും മുന്നിൽ ചെലവഴിക്കുന്നു.

► ഇന്ന് യൗവനക്കാരിൽ വലിയൊരു വിഭാഗം ഓൺലൈൻ വഴിയല്ലാതെ തങ്ങളുടെ സ്നേഹിതരുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നവരാണ്.

► ലഹരിവസ്തുക്കളുടെ ഉപയോഗവും മദ്യപാനവും യൗവനക്കാർക്കിടയിൽ വർദ്ധിച്ചുവരുന്നത് ആശങ്കാജനകമാണ്.

► കൗമാരപ്രായത്തിൽ തന്നെ പല യൗവനക്കാരും മദ്യപാനത്തിനും മറ്റ് തിന്മകൾക്കും അടിമപ്പെടുന്നു.

### പ്രാർത്ഥനാ വിഷയങ്ങൾ

► യൗവനക്കാർക്കിടയിൽ മയക്കുമരുന്ന്, മദ്യം, vaping എന്നിവയുടെ ഉപയോഗം തടയാനും, അവർ സാത്താന്റെ കെണിയിൽ നിന്ന് വിടുവിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.

► ഒറ്റപ്പെടൽ, വിഷാദം, നിരാശ എന്നിവയാൽ ഉണ്ടാകുന്ന ഹൃദയശൂന്യത താൽക്കാലിക സുഖങ്ങളാലല്ലാതെ, ദൈവീക സ്നേഹത്താൽ നിറയാൻ പ്രാർത്ഥിപ്പിൻ.

► ഇന്റർനെറ്റ്, മൊബൈൽ എന്നിവയുടെ അടിമത്തത്തിൽ നിന്ന് യൗവനക്കാർ വിടുവിക്കപ്പെടാനും, സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് അതിജീവിക്കാനുള്ള വിവേകം ലഭിക്കാനും പ്രാർത്ഥിപ്പിൻ.

► യൗവനക്കാർ അന്ധവിശ്വാസങ്ങളെ തള്ളിക്കളഞ്ഞ് ലോകത്തിന്റെ ഗതിയിൽ നിന്ന് മാറി, ദൈവത്തിന്റെ സത്യം തിരിച്ചറിയാനും, വിശുദ്ധിയുള്ള തലമുറയായി വളരാനും പ്രാർത്ഥിപ്പിൻ.




# സൈബർ സെക്യൂരിറ്റി യിലേക്കുള്ള യാത്ര

**മാതാപിതാക്കളുടെ മെഡിക്കൽ സ്വപ്നം ഉപേക്ഷിച്ച്, തന്റെ സ്വപ്നമായ സൈബർ സെക്യൂരിറ്റി മേഖല തിരഞ്ഞെടുത്ത്, ഇന്ന് അമേരിക്കയിലെ ഒരു പ്രമുഖ ഐടി കമ്പനിയിൽ സീനിയർ സെക്യൂരിറ്റി അനലിസ്റ്റ് ആയി ജോലി ചെയ്യുന്ന സഹോദരൻ ഗോഡ്സൺ, ഈ പദവിയിലേക്ക് എത്തുവാൻ നടത്തിയ ശ്രമങ്ങളെക്കുറിച്ചും, നേരിട്ട വെല്ലുവിളികളെക്കുറിച്ചും അദ്ദേഹത്തോട് തന്നെ ചോദിച്ചറിയാമോ?**



### സഹോദരാ Praise the Lord. നിങ്ങളുടെ കുടുംബത്തെക്കുറിച്ചും ബാല്യകാലത്തെക്കുറിച്ചും പറയാമോ?

**Praise the Lord.** എന്റെ പേര് **GODSON.** തമിഴ്നാട്ടിലെ തിരുച്ചിറാപ്പള്ളി ജില്ലയാണ് എന്റെ ജന്മസ്ഥലം. ഞങ്ങളുടെ കുടുംബത്തിൽ അച്ഛനും, അമ്മയും, ഒരു ജേഷ്ഠനും ഞാനുമാണുള്ളത്. അച്ഛനും അമ്മയും തയ്യൽ ജോലി ചെയ്യുകയാണ്. ജേഷ്ഠൻ ഒരു ഐടി കമ്പനിയിൽ ജോലി ചെയ്യുന്നു. ഞങ്ങൾ താഴെത്തട്ടിലുള്ള ഒരു കുടുംബമാണ്. ഞങ്ങളെ വളർത്താൻ മാതാപിതാക്കൾ വളരെ കഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും, അവർ ദൈവത്തോട് വിശ്വസ്തത പുലർത്തുന്നവരും, ദൈവഭക്തിയുള്ളവരുമായിരുന്നു.

എന്റെ ബാല്യകാലത്തെക്കുറിച്ച് ഓർക്കുമ്പോൾ, ആവർത്തനപുസ്തകം 64-9 വചനങ്ങളുടെ പ്രതിഫലനം എന്റെ മാതാപിതാക്കളിൽ കാണാൻ കഴിഞ്ഞിരുന്നു. ഞങ്ങൾ ഉറങ്ങുമ്പോഴും, ഉണരുമ്പോഴും, നടക്കുമ്പോഴും, യാത്ര ചെയ്യുമ്പോഴും, ഭക്ഷണം കഴിക്കാൻ ഇരിക്കുമ്പോഴും അവർ ദൈവത്തെക്കുറിച്ച് മാത്രമാണ് സംസാരിച്ചിരുന്നത്. എല്ലാ ദിവസവും ഒരു വചനം മനഃപാഠമാക്കിയാൽ മാത്രമേ ഭക്ഷണം ലഭിക്കൂ എന്ന രീതിയിലാണ് ബാല്യകാലം മുതൽ ദൈവവചനത്തിൽ അവർ ഞങ്ങളെ വളർത്തിയത്.

### സൂപ്പർ ... മാതാപിതാക്കൾ ആത്മീയ പാതയിൽ വളർത്തിയ നിങ്ങൾക്ക്, ബാല്യകാലത്ത് എന്താകണമെന്നായിരുന്നു ആഗ്രഹം?

ഒമ്പതാം ക്ലാസ് വരെ എനിക്ക് സ്വന്തമായി ഒരു ലക്ഷ്യവും ഉണ്ടായിരുന്നില്ല. അതുകൊണ്ട്, എന്റെ മാതാപിതാക്കളുടെ ആഗ്രഹം തന്നെ എന്റെ ലക്ഷ്യമായി കണ്ട് ഞാൻ പഠിച്ചു. ഞാൻ NEET പരീക്ഷയിൽ വിജയിച്ച് ഒരു ഡോക്ടറാകണം എന്നതിനായി, പത്താം ക്ലാസ് പഠിക്കുമ്പോൾ തന്നെ എന്റെ മാതാപിതാക്കൾ 60,000 രൂപ കടം വാങ്ങി 10,11,12 ക്ലാസുകളിലെ ബയോളജി പാഠങ്ങൾ പഠിപ്പിച്ചു. അവർക്ക് സാധിക്കുന്നതെല്ലാം ചെയ്തുതന്ന ആ സമയത്താണ് എനിക്ക് സൈബർ സെക്യൂരിറ്റി മേഖലയോട് താല്പര്യം തോന്നിയത്. അപ്പോഴും, ഞാൻ ഒരു ഡോക്ടറാകണം എന്നത് മാത്രമായിരുന്നു എന്റെ മാതാപിതാക്കളുടെ ആഗ്രഹം.

### നിങ്ങൾ മാതാപിതാക്കളുടെ ആഗ്രഹം നിറവേറ്റിയോ?

9,10 ക്ലാസുകളിൽ പഠിക്കുമ്പോൾ, ചില സുഹൃത്തുക്കൾ





സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഹാക്ക് ചെയ്യുന്നതിനെക്കുറിച്ച് സംസാരിക്കുന്നത് ഞാൻ യാദൃശ്ചികമായി കേൾക്കാനിടയായി. അന്നുമുതലാണ് എനിക്ക് ഹാക്കിംഗിനോടും സൈബർ സെക്യൂരിറ്റിയോടും താൽപര്യം ജനിച്ചത്. ഇതിനെക്കുറിച്ച് കൂടുതൽ പഠിക്കാൻ ഞാൻ അച്ഛന്റെ മൊബൈൽ ഫോൺ ഉപയോഗിക്കാൻ തുടങ്ങി. എന്നാൽ അതിനാവശ്യമായ ഉപകരണങ്ങൾ (ലാപ്ടോപ്/കമ്പ്യൂട്ടർ) എന്റെ അടുത്ത് ഉണ്ടായിരുന്നില്ല. അതുകൊണ്ട് അച്ഛന്റെ മൊബൈൽ ഉപയോഗിക്കുന്നത് തന്നെ വളരെ ബുദ്ധിമുട്ടായിരുന്നു.

12-ാം ക്ലാസിൽ പഠിക്കുമ്പോൾ ഗവൺമെന്റ് നൽകിയ സൗജന്യ ലാപ്ടോപ്പ് എനിക്ക് നല്ലൊരു അവസരമായി മാറി. സുഹൃത്തുക്കൾ അതിൽ ഗെയിം കളിച്ചപ്പോൾ, ഞാൻ അത് സൈബർ സെക്യൂരിറ്റി പഠിക്കാൻ വേണ്ടി മാത്രമാണ് ഉപയോഗിച്ചത്. ഞാൻ എന്താണ്




പഠിച്ചുകൊണ്ടിരിക്കുന്നതെന്ന് എന്റെ മാതാപിതാക്കൾക്ക് അറിയില്ലായിരുന്നു. ലാപ്ടോപ്പ് ഉണ്ടായിരുന്നെങ്കിലും ഇന്റർനെറ്റ് കണക്ഷൻ ഇല്ലാത്ത സാഹചര്യത്തിൽ, ആ ആവശ്യവും കർത്താവ് അത്ഭുതകരമായി നടത്തിത്തന്നു.

## സൂപ്പർ... ലാപ്ടോപ് എന്ന നിങ്ങളുടെ ആഗ്രഹം കർത്താവ് നിറവേറ്റി തന്നു ... ശരി, സൈബർ സെക്യൂരിറ്റിയിൽ ധാരാളം പഠിക്കാനുണ്ടല്ലോ... നിങ്ങൾ എങ്ങനെയാണ് പഠിച്ചത്?

കൊറോണ സമയത്ത്, **IDEA** കമ്പനി അർദ്ധരാത്രി 12 മണി മുതൽ രാവിലെ 6 മണി വരെ സൗജന്യ ഇന്റർനെറ്റ് സേവനം നൽകിയിരുന്നു. അത് ഉപയോഗിച്ച് ഞാൻ ദിവസവും രാത്രി 12 മണി മുതൽ പുലർച്ചെ 3 അല്ലെങ്കിൽ 4 മണിവരെ സൈബർ സെക്യൂരിറ്റിയെക്കുറിച്ച് പഠിച്ചു. അതിനുശേഷം കുറച്ച് സമയം മാത്രം ഉറങ്ങുകയും, സ്കൂളിൽ പോകുകയും ചെയ്തിരുന്നു. രാത്രി മുഴുവൻ ലാപ്ടോപ്പിന് മുന്നിൽ



സമയം ചെലവഴിക്കുന്നത് മാതാപിതാക്കൾക്ക് ഇഷ്ടമല്ലായിരുന്നു. ഞാൻ എന്താണ് പഠിക്കുന്നതെന്ന് മനസ്സിലാക്കാൻ അവർക്ക് സാധിച്ചതുമില്ല.

ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ പോയി പഠിക്കണമെങ്കിൽ ലക്ഷക്കണക്കിന് രൂപ ആവശ്യമായിരുന്നു. എന്നാൽ ദൈവകൃപയാൽ, ഒരു പൈസ പോലും ചെലവില്ലാതെ, സ്വയം പഠിച്ചെടുക്കാനുള്ള അവസരം എനിക്ക് ലഭിച്ചു. ഇതിലൂടെ എന്റെ കഴിവുകൾ വളർന്നു. ഒരു സാധാരണ ജോലി എന്ന ചിന്തയ്ക്കപ്പുറം, കൂടുതൽ കാര്യങ്ങൾ പഠിക്കുന്നതിലേക്ക് ഞാൻ എന്റെ ശ്രദ്ധ മുഴുവനുംകേന്ദ്രീകരിച്ചു. പഠിച്ച കാര്യങ്ങൾ BLOGൽ എഴുതുവാനും തുടങ്ങി.

ഏതാണ്ട് ഒരു വർഷത്തോളം ദിവസവും മണിക്കൂറുകൾ ചെലവഴിച്ച് ഞാൻ ഇത് പഠിച്ചെടുത്തെങ്കിലും, ഇതിനെ ഒരു പ്രൊഫഷനാക്കി മാറ്റാൻ സാധിക്കുമെന്നോ, സൈബർ സെക്യൂരിറ്റി മേഖലയിൽ നിയമപരമായി ജോലി ചെയ്യാൻ സാധിക്കുമെന്നോ അപ്പോൾ എനിക്ക് അറിയില്ലായിരുന്നു.

## അപ്പോൾ നിങ്ങൾ ജോലിക്ക് വേണ്ടി ശ്രമിച്ചില്ലേ? ശരി, സ്കൂൾ പഠനം പൂർത്തിയാക്കിയോ?

12-ാം ക്ലാസ് അവധിക്കാലത്ത്,








ബാംഗ്ലൂരിലെ ഒരു കമ്പനിയിൽ മാസം 25,000 രൂപ ശമ്പളമുള്ള ഇന്റേൺഷിപ്പ് എനിക്ക് ലഭിച്ചു. അപ്പോഴാണ് ഞാൻ രാത്രി ഉറക്കമില്ലാതെ പഠിച്ചതിന്റെ ഫലം എന്റെ മാതാപിതാക്കൾ നേരിട്ട് കാണുന്നത്.

അതിനുശേഷം ഞാൻ BCA കോഴ്സിന് ചേർന്നു. എന്നാൽ, അതിനുശേഷമുള്ള എന്റെ യാത്ര അത്ര എളുപ്പമായിരുന്നില്ല. ഒരു മുഴുവൻ സമയ ജോലിക്കായി ഞാൻ പങ്കെടുത്ത ആദ്യത്തെ ഇന്റർവ്യൂവിൽ, സൈബർ സെക്യൂരിറ്റിയെക്കുറിച്ച് അടിസ്ഥാനപരമായ അറിവ് പോലുമില്ലാത്ത ഒരു വ്യക്തിയാണ് എന്നെ ഇന്റർവ്യൂ ചെയ്തത്. അതിന്റെ ഫലമായി ഞാൻ പുറത്താക്കപ്പെട്ടു. ആ അനുഭവം എന്നെ മാനസികമായി വളരെ വിഷമിപ്പിച്ചു. ഞാൻ തിരഞ്ഞെടുത്ത മേഖല തെറ്റായിപ്പോയോ എന്ന ചിന്തയും എന്നിൽ ഉണ്ടായി.

തുടർന്ന മറ്റ് പല പ്രമുഖ കമ്പനികളിലേക്കും ഞാൻ അപേക്ഷ അയച്ചു. എന്നാൽ ഒരിടത്തുനിന്നും ഒരു മറുപടിയും ലഭിച്ചില്ല. എന്നെ വിശ്വസിച്ചിരുന്ന എന്റെ മാതാപിതാക്കളെ ഞാൻ നിരാശപ്പെടുത്തി. ആ സമയത്ത്, ആരോടും ആലോചിക്കാതെ ഞാൻ എന്റെ കോളേജ് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു.

അങ്ങനെയിരിക്കെ, ഒരു സൈബർ സെക്യൂരിറ്റി കമ്പനിയുടെ CEOയിൽ നിന്ന് എനിക്ക് ജോലി സംബന്ധമായ ഒരു ഇമെയിൽ വന്നു. ഞാൻ അതിലേക്ക് അപേക്ഷിച്ചെങ്കിലും, ആഴ്ചകളോളം മറുപടിയൊന്നും വരാത്തതിനാൽ ഞാൻ വീണ്ടും നിരാശനായി. എന്നാൽ, ഞാൻ പങ്കെടുത്ത ഒരു CTF മത്സരത്തിലെ വിജയത്തെക്കുറിച്ചുള്ള പോസ്റ്റ് കണ്ട് അതേ CEO പല ഡോളറുകളുള്ള ശമ്പളത്തോടെ ഒരു അമേരിക്കൻ കമ്പനിയിൽ എനിക്ക് ജോലി നൽകി. അപ്പോൾ എനിക്ക് പ്രായം 19-20 വയസ്സ് മാത്രമായിരുന്നു. കഴിഞ്ഞ 4 വർഷമായി ഞാൻ ആ കമ്പനിയിൽ ജോലി ചെയ്തുവരുന്നു.

ജോലിയിൽ പ്രവേശിച്ച സമയത്ത് ഞങ്ങളുടെ കുടുംബം വലിയ കടബാധ്യതയിലായിരുന്നു. വർഷങ്ങളായി ഉണ്ടായിരുന്ന ആ കടങ്ങൾ വേഗത്തിൽ വീട്ടാൻ കർത്താവ് കൃപ നൽകി. കൂടാതെ, സ്വന്തം നാട്ടിൽ ഒരു നല്ല വീട് വേണമെന്ന ഞങ്ങളുടെ ആഗ്രഹവും ഇപ്പോൾ നിവൃത്തിയായിക്കൊണ്ടിരിക്കുന്നു.

## നിങ്ങളുടെ ആത്മീയ ജീവിതത്തിൽ എങ്ങനെയാണ് മാറ്റം ഉണ്ടായത്?

ഞാൻ ഒരു ആത്മീയ ചുറ്റുപാടിലാണ് വളർന്നതെങ്കിലും, വളരെക്കാലമായി എന്റെ വിശ്വാസം ഒരു ശീലം മാത്രമായിരുന്നു. സഭയിൽ പോകുന്നതും പ്രാർത്ഥിക്കുന്നതുമായ കാര്യങ്ങൾ ചെയ്തിരുന്നെങ്കിലും, എന്റെ ജീവിതം പൂർണ്ണമായും ദൈവത്തോട് ചേർന്നു നിൽക്കുന്നതായിരുന്നില്ല.

എന്നാൽ, യൗവനകാലത്ത് മറ്റുള്ളവർ പറഞ്ഞുതന്ന വിശ്വാസത്തെ പിന്തുടരുന്നതിന് പകരം, ദൈവത്തെ ഞാൻ വ്യക്തപരമായി അറിയാൻ ആരംഭിച്ചു.

ആ കാലഘട്ടത്തിലാണ് എന്റെ വിശ്വാസം യഥാർത്ഥമായി മാറിയത്. അതേസമയം, എന്റെ ജീവിതത്തിൽ പല വാതിലുകളും ഓരോന്നായി തുറക്കപ്പെടാൻ തുടങ്ങി.

തിരിഞ്ഞുനോക്കുമ്പോൾ, ഈ അനുഗ്രഹങ്ങൾ നൽകുന്നതിന് മുമ്പ്, ഞാൻ യഥാർത്ഥമായി കർത്താവിലേക്ക് വരണമെന്ന് കർത്താവ് ആഗ്രഹിച്ചിരുന്നു എന്ന് തോന്നുന്നു. ഞാൻ പാരമ്പര്യമായി ജീവിച്ച കാലങ്ങളിൽ പോലും, കർത്താവ് എന്നെ വഴിനടത്തുകയായിരുന്നു എന്ന് ഇന്ന് ഞാൻ വ്യക്തമായി മനസ്സിലാക്കുന്നു.

## യൗവനക്കാരോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

സദൃശവാക്യങ്ങൾ 21:31ൽ "കുതിരയെ യുദ്ധദിവസത്തേക്കു ചമയിക്കുന്നു; ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു" എന്ന് നാം വായിക്കുന്നു.

എന്റെ ജീവിതത്തിലും ഉറക്കമില്ലാത്ത പല രാത്രികളും, കഠിനാധ്വാനവും പരാജയങ്ങളും ഉണ്ടായിരുന്നു. എന്നാൽ, എനിക്ക് ജയം നൽകിയത് കർത്താവാണ്.

ഇന്ന് നമ്മുടെ കൈകളിലുള്ള മൊബൈൽ ഫോണും ഇന്റർനെറ്റും ഒരു പുതിയ കഴിവ് പഠിക്കാനും, ജീവിതം കെട്ടിപ്പടുക്കാനും, കർത്താവിൽ വളരാനും ഉപയോഗിക്കാം. അതേസമയം തന്നെ, അത് നമ്മുടെ സമയത്തെയും ശ്രദ്ധയെയും നശിപ്പിക്കാനും ഇടയാക്കും.

**അതുകൊണ്ട് നിങ്ങളുടെ ഭാവിയെ യേശുവിന് സമർപ്പിക്കുക. കർത്താവ് നിങ്ങളെ ശരിയായ പാതയിലൂടെ വഴിനടത്തി, നിങ്ങളുടെ വിളി നിറവേറ്റാൻ ആവശ്യമായ കൃപയും ആഗ്രഹവും നൽകും!**

# വാർത്തകൾ!

## സൂപ്പർ സ്റ്റാർ എസ്റ്റർ



യഥാർത്ഥ പഴങ്ങളുടെ അംശം ഒട്ടുമില്ലെങ്കിലെന്താ അവയുടെ അതേ ഗന്ധമുണ്ട് ചില കൃത്രിമ ഫ്രൂട്ട് ജ്യൂസുകൾക്കും സോഫ്റ്റ് ഡ്രിങ്കുകൾക്കും.

അതുപോലെ പൂക്കളുടെ അംശമില്ലെങ്കിലും അവയുടെ അതേ സുഗന്ധമുള്ള പെർഫ്യൂമുകളും സുഗന്ധദ്രവ്യങ്ങളുമൊക്കെ സുലഭമാണല്ലോ. ഒറിജിനലിനെ വെല്ലുന്ന ഈ സുഗന്ധത്തിനു പിന്നിലെ രഹസ്യം എന്തെന്നറിയാമോ? എസ്റ്ററുകൾ എന്നു വിളിക്കുന്ന രാസവസ്തുക്കൾ തന്നെ.

### സുഗന്ധ രഹസ്യങ്ങൾ തേടി

ഓറഞ്ചിനും ആപ്പിളിനും വാഴപ്പഴത്തിനും പൈനാപ്പിളിനുമൊക്കെ വ്യത്യസ്ത ഗന്ധം ഉണ്ടാവാൻ കാരണമെന്തായിരിക്കും? മുല്ലപ്പൂവിന്റെയും റോസാപ്പൂവിന്റെയുമൊക്കെ സുഗന്ധ രഹസ്യമെന്തായിരിക്കും? ഇങ്ങനെ പ്രകൃതിയിലെ സുഗന്ധങ്ങൾക്കു പിന്നിലെ രാസവസ്തുക്കൾ തേടിയുള്ള അന്വേഷണങ്ങളാണ് വിവിധ എസ്റ്ററുകളുടെ കണ്ടുപിടിത്തത്തിലേക്ക് നയിച്ചത്. പൂക്കളിലെയും പഴങ്ങളിലെയും സുഗന്ധക്കൂട്ട് തിരിച്ചറിഞ്ഞ ശാസ്ത്രജ്ഞർ അതുപോലെ സുഗന്ധവാഹികളായ എസ്റ്ററുകൾ പരീക്ഷണശാലയിൽ നിർമിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. ലിയോപോൾഡ് മെലിൻ എന്ന രസതന്ത്രജ്ഞനാണ് എസ്റ്റർ എന്ന വാക്കിന്റെ ഉപജ്ഞാതാവ്. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജർമ്മനിയിൽ ഈഥൈൽ അസറ്റേറ്റിനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന എന്ന വാക്കിൽ നിന്നുമാണ് എസ്റ്റർ എന്ന വാക്കിന്റെ വരവ്.

### പൂക്കളുടെ സുഗന്ധത്തിന്

എഥനോയിക് ആസിഡും ബെൻസൈൽ ആൽക്കഹോളും തമ്മിൽ പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന ബെൻസൈൽ എഥനോയേറ്റിന് മുല്ലപ്പൂവിന്റെ മണമുണ്ട്. ജെറാനിൽ അസറ്റേറ്റിന് റോസാപ്പൂ മണവും ലിനലൈൽ അസറ്റേറ്റിന് ലാവൻഡർ മണവുമുണ്ട്. എങ്കിലും ഗാഢതാ വ്യത്യാസത്തിനനുസരിച്ച് എസ്റ്ററിന്റെ ഗന്ധത്തിൽ ചില വ്യത്യാസങ്ങളുണ്ടാവും. വിവിധതരം പെർഫ്യൂമുകളിലും സോപ്പുകളിലും സുഗന്ധ ദ്രവ്യങ്ങളിലും സൗന്ദര്യ വർധക വസ്തുക്കളിലുമൊക്കെ ഇവ ഉപയോഗിക്കുന്നുണ്ട്. സോപ്പ് നിർമാണത്തിൽ ഉപയോഗിക്കുന്ന എണ്ണകളും കൊഴുപ്പുകളും എസ്റ്ററുകൾ തന്നെ.

മലയാള മനോരമ, 13 ജൂലൈ 2026.

# സ്വാതന്ത്ര്യദിനം



**സുഭാഷ്:** സ്നേഹിതാ, കുറച്ച് ദിവസങ്ങൾക്കുള്ളിൽ (ആഗസ്റ്റ് 15) സ്വാതന്ത്ര്യദിനം വരികയാണ്. നമ്മൾ എല്ലാ വർഷവും ഇത് ആഘോഷിക്കുന്നു. എന്നാൽ, സ്വാതന്ത്ര്യം എന്നാൽ എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ?

**സന്തോഷ്:** സ്വാതന്ത്ര്യം എന്നാൽ അടിമത്തത്തിൽ നിന്നുള്ള വിടുതലല്ലേ നമ്മുടെ ഇന്ത്യ 1947 ആഗസ്റ്റ് 15ന് ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് വിടുതൽ നേടി.

**സുഭാഷ്:** അതെ. അതിനായി എത്രപേർ ത്യാഗം ചെയ്തുവെന്ന് അറിയാമോ മഹാത്മാഗാന്ധി, സുഭാഷ് ചന്ദ്രബോസ്, ഭഗത് സിംഗ് തുടങ്ങിയവർ തങ്ങളുടെ ജീവിതം തന്നെ രാജ്യത്തിനായി സമർപ്പിച്ചവരാണ്.

**സന്തോഷ്:** ശരിയാണ്. അതുകൊണ്ട് ഈ ദിവസം വെറുമൊരു അവധി ദിവസമായി മാത്രമല്ല, ക്രൈസ്തവരായ നാം കർത്താവിന് നന്ദി പറയേണ്ട ദിവസവുമാണ്.

**സുഭാഷ്:** പക്ഷേ മറ്റൊരു കാര്യമുണ്ട്..നാം സ്വാതന്ത്ര്യം നേടി. എന്നാൽ മനുഷ്യന്റെ ഉള്ളം യഥാർത്ഥത്തിൽ സ്വതന്ത്രമാണോ?

**സന്തോഷ്:** അതെങ്ങനെ?

**സുഭാഷ്:** ഭയം, പാപശീലങ്ങൾ, കലഹങ്ങൾ തുടങ്ങിയവയ്ക്ക് നാം അടിമപ്പെട്ടിരിക്കുകയാണ്. "പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ" (യോഹന്നാൻ 8:36) എന്ന് വേദപുസ്തകം പറയുന്നു. യഥാർത്ഥ സ്വാതന്ത്ര്യം യേശുക്രിസ്തുവിന് മാത്രമേ നൽകാൻ കഴിയൂ.

**സന്തോഷ്:** സൂപ്പർ! രാജ്യത്തിന്റെ സ്വാതന്ത്ര്യം ബാഹ്യമായ ഒന്നാണ്; എന്നാൽ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ഹൃദയത്തിനുള്ളിലെ യഥാർത്ഥ സ്വാതന്ത്ര്യമാണ്.

**സുഭാഷ്:** തീർച്ചയായും! അതുകൊണ്ട് തന്നെ ഈ സ്വാതന്ത്ര്യദിനത്തിൽ നാം നമ്മുടെ രാജ്യത്തിനായി പ്രാർത്ഥിക്കണം. നല്ല പൗരന്മാരായി ജീവിക്കുകയും വേണം. അതോടൊപ്പം, ക്രിസ്തു നൽകുന്ന യഥാർത്ഥ സ്വാതന്ത്ര്യവും നാം അനുഭവിക്കണം.

**സന്തോഷ്:** ഈ വർഷത്തെ സ്വാതന്ത്ര്യദിനം നമുക്ക് ഒരു പുതിയ ഓർമ്മപ്പെടുത്തലായിരിക്കട്ടെ. രാജ്യത്തെ സ്നേഹിക്കാം. ദൈവത്തെ ഭയപ്പെടാം! യഥാർത്ഥ സ്വാതന്ത്ര്യത്തിൽ ജീവിക്കാം!